N E R V E E D H I

Volume -11, Issue - 08, 10th August 2022, Monthly, Price ₹ 25, Published at Kottayam

വാല്യം–11, ലക്കം–08, 10 ആഗസ്റ്റ് 2022 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## മാതാപിതാക്കളുടെ മഹത്വം മറക്കരുത്

പേജ് 31

# വിഷാദ ചിന്തയുടെ വേരറുക്കുക

വിഷാദ ചിന്തകൾ വർധിച്ചു വരുന്നതായാണ് ഇക്കാലത്തു  പൊതുവെ വിലയിരുത്തപ്പെടുന്നത്. ദൈവമക്കളായി അറിയപ്പെടുന്നവരുടെ ഇടയിലും അത് വർധിക്കുന്നു എന്നത് വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയം തന്നെയാണ്. ആത്മഹത്യകളെക്കുറിച്ചുള്ള വാർത്തകളും അവിടവിടങ്ങളിലായി കേൾക്കുന്നു എന്നത് ആശങ്കാജനകമാണ്. ദൈവമക്കൾ സഹോദരസ്നേഹത്തിൽ നിലനിന്ന്, ഒരുമിച്ചുകൂടി ദൈവത്തെ ആരാധിച്ചിരുന്ന കാലങ്ങളിൽ സമൂഹത്തിലും ജീവിതത്തിലും ഏറ്റവും സന്തോഷമുള്ളവരായിരുന്നു. പ്രതികൂലങ്ങളും നിന്ദകളും കഷ്ടനഷ്ടങ്ങളും ധാരാളം അവർ അഭിമുഖീകരിച്ചവരായിരുന്നു. എങ്കിലും ഒന്നിനും നഷ്ടപ്പെടുത്താനാവാത്ത ഹൃദയസമാധാനവും സന്തോഷവും അവർ അന്ന് അനുഭവിച്ചു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ദൃഢമായ സഹോദര ബന്ധവും ക്രിസ്തുവിന്റെ മടങ്ങിവരവിലുള്ള പ്രത്യാശാസമൃദ്ധിയും ഒക്കെയായിരുന്നു  അവരുടെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സ്രോതസായിരുന്നത്.

ഇന്ന് വിഷാദരോഗികൾ വർധിച്ചുവരുന്നതിനു വിവിധ കാരണങ്ങളുണ്ടാകാം. മറ്റുള്ളവരാൽ ദുരുപയോഗം (Abuse)  ചെയ്യപ്പെട്ടവർ വളരെയാണ്. അത് ശാരീരിക ഉപദ്രവങ്ങളോ മാനസിക പീഡനങ്ങളോ ലൈംഗിക അതിക്രമങ്ങളോ ഒക്കെയാകാം. ഇവ വിഷാദ ചിന്തകളെ പോഷിപ്പിക്കുന്നവയാണ്. മനസിനെ ആഴത്തിൽ മുറിപ്പെടുത്തുന്നതും ഞെട്ടിപ്പിക്കുന്നതുമായ സംഭവങ്ങൾ, വളരെ പ്രിയപ്പെട്ടവരുടെ മരണം, ഇശ്ചാഭംഗം, ഇവയൊക്കെ വിഷാദത്തിലേക്കു നയിക്കാനിടയുണ്ട്. വിശ്വസ്തരായ ആത്മിക ഉപദേശകരുടെ (Spiritual Counselors) സഹായം തേടുന്നതിന് ഇത്തരം സന്ദർഭങ്ങളിൽ മടി കാണിക്കരുത്. കൗൺസലിംഗിന് പോകുന്നവർ ഗുരുതരമായ പ്രശ്നമുള്ളവരാണെന്നു മറ്റുള്ളവർ വിചാരിക്കുമോ എന്ന ചിന്ത ഒട്ടും ശരിയല്ല. മറ്റുള്ളവർ അറിഞ്ഞാൽ അത് നിങ്ങളുടെ അഭിമാനത്തിന് ക്ഷതമാണെന്ന ചിന്തയും നിങ്ങൾക്ക് തന്നെ ദോഷം വരുത്തുന്നതാണ് എന്ന് തിരിച്ചറിയണം. അതിലേക്കു വിരൽ ചൂണ്ടുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. വിഷാദച്ചുഴിയിൽ അകപ്പെടുന്നതിനു മുമ്പുതന്നെ മനസ്സിനെ സ്വസ്ഥമായി നിലനിർത്തുവാൻ ദൈവവചനത്തിലും ദൈവികവാഗ്ദാനങ്ങളിലും മുറുകെപ്പിടിക്കുവാൻ എല്ലാവരും ഉത്സാഹിക്കണം.

എന്ത് സംഭവിച്ചാലും എന്റെ നന്മയ്ക്കായി ദൈവം അനുവദിക്കുന്നതാണ് എന്ന ബോധ്യം എല്ലാ ദൈവമക്കൾക്കും ഉണ്ടായിരിക്കണം. നമ്മുടേതായ  മനോധൈര്യത്തിൽ പണ്ടുണ്ടാകാത്ത ഏതെങ്കിലും പ്രതിസന്ധിയെ ജയിക്കുവാൻ നമുക്ക് ആയെന്നു വരില്ല. എന്നാൽ നമ്മുടെ ബലഹീനതയിൽ തികഞ്ഞു വരുന്ന ദൈവശക്തി ഏതു വലിയ പ്രതിസന്ധിയെയും മറികടക്കുവാൻ നമ്മെ പ്രാപ്തരാക്കും എന്ന ഉറപ്പു നമുക്കുണ്ടായിരിക്കണം. ഈ ബോധ്യത്തിലും ദൈവാശ്രയത്തിലുമാണ്, 'നിന്നാൽ ഞാൻ മതിൽ ചാടിക്കടക്കും' എന്നും 'ഒരു സൈന്യം എന്റെ നേരെ പാളയം ഇറങ്ങിയാലും എന്റെ ഹൃദയം നിർഭയമായിരിക്കും' എന്നും സങ്കീർത്തനക്കാരൻ പറയുന്നത്. ദൈവം നമുക്ക് നൽകിയിരിക്കുന്ന വാഗ്ദത്ത വചനങ്ങളെ നമ്മുടെ ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട്,  ഈ പ്രതിസന്ധി നിന്നെ തകർത്തുകളയും എന്ന പിശാചിന്റെ വാക്കിനെ, വചനമെന്ന  വാളിനാൽ ഖണ്ഡിക്കാം. അതിനു പ്രാപ്തമാക്കുന്ന ആലോചനകളാൽ നമ്മുടെ മനസ്സിനെ സമ്പുഷ്ടമാക്കുവാൻ ഈ ലക്കത്തിലെ ലേഖനങ്ങൾ പ്രയോജനപ്രദമാണ്. എല്ലാ വായനക്കാരെയും ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഓഗസ്റ്റ് ലക്കം സമർപ്പിക്കുന്നു.

പുസ്തകം 11 ലക്കം 8
ആഗസ്റ്റ് 2022

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. എബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.

Annual Subscription Rs250.00

**വ്യർഥാഭിമാനം വെടിയുക** 4
ജോയ് എം. തോമസ്

**ഒരു രഥയാത്രയുടെ വഴിയെ** 6

**അടുത്ത മേശ കർത്താവിനോടുകൂടെ!** 7
സാജു മാത്യു

**പിളർപ്പുണ്ടാക്കുന്നവർ** 9
ബാബു ചെറിയാൻ

**വിശ്വാസജീവിതം എന്ത്? എങ്ങനെ?** 11
ചെയ്സ് ജോസഫ്

**കാലാന്തരത്തിൽ സംഭവിച്ച മൂല്യശോഷണം** 13
ജോർജ് മാത്യു, പുതുപ്പള്ളി

**എന്നെ ആരെങ്കിലും ഒന്ന് കേട്ടിരുന്നെങ്കിൽ** 16
വർക്കി വർഗീസ്

**സഭയ്ക്കുള്ളിലെ സഭ** 18
ബില്ലിഗ്രഹാം

**മരണഭയത്തിൽ നിന്നുള്ള മോചനം** 21
പി.വി. വർഗീസ്

**ഗുണ്ടർട്ട് കേരളത്തിലെ ഇല്ലിക്കുന്നിൽ** 23
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** 25
ജെസ്സി സാജു

**വേദ അധ്യയനം** 27
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**മാതാപിതാക്കളുടെ മഹത്വം മറക്കരുത്** 31
എംസി



ജോയ് എം. തോമസ്

# വ്യഥാഭിമാനം വെടിയുക

വ്യഥാഭിമാനികൾ മുഖംമൂടിയണിഞ്ഞ ഒരു ജീവിതമാണ് നയിക്കുന്നത്. അവരുടെ ശരിയായ രൂപം മറ്റുള്ളവർക്ക് മനസ്സിലാവുകയില്ല. അവരുടെ അഭിമാന ചിന്തകൾ തെറ്റായ ഒരു ദിശയിലേക്കാണ് അവരെ നയിക്കുന്നത്. മറ്റുള്ളവരോട് തുറന്നിടപെടുവാൻ കഴിയുന്നത് തന്നെയാണ് അഭിമാനകരമായിട്ടുള്ളത്. കപടം നിറഞ്ഞ പെരുമാറ്റം അവര വർക്കു തന്നെ ദോഷമായിത്തീരും. അത് ദുരഭിമാനം തന്നെയാണ്.

ഫിലിപ്പിയിലെ വിശ്വാസികൾക്ക് അപ്പോസ്തലനായ പൗലോസ് നൽകിയ പ്രബോധ നമാണ് ഇന്നത്തെ സന്ദേശത്തിനുള്ള കുറിവാക്യം 'ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ, താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊള്ളുവിൻ' (ഫിലിപ്പിയർ 2: 3).

ശാഠ്യം, ദുരഭിമാനം ഇവകൾ ഒരുമിച്ച് പോകുന്നവയാണ്. ഇത് ക്രിസ്തീയതയ്ക്ക് വിരുദ്ധമായ മനോഭാവമാണ്. ആത്മീയതയ്ക്ക് നാശകാരണമായിത്തീരുന്നതാണ്. മറ്റ് ഭാഷാന്തരങ്ങളിൽ ശാഠ്യമെന്നതിന് മത്സരം എന്നും, ദുരഭിമാനം എന്നതിന് വ്യഥാഭിമാനം എന്നും കാണുന്നു. ഇത് നമ്മിൽ എല്ലാം വേര് പിടിച്ചിട്ടുണ്ട് എന്നത് ബോധപൂർവ്വം നാം ഓർക്കുകയും അത് നമ്മിൽ പ്രകടമാകുന്നത് അതാതു സമയം തന്നെ മനസ്സിലാക്കി ജയം പ്രാപിക്കുകയും ചെയ്യേണ്ടതാണ്.

വ്യഥാഭിമാനത്തെ അഭിമാനമായി പലരും തെറ്റിദ്ധരിച്ചിട്ടുണ്ട് എന്നതാണ് വാസ്തവം. അഭിമാനത്തിന് അന്തസ്സ് (Dignity) എന്ന് പറയാം. അന്തസ്സ് സ്വഭാവശ്രേഷ്ഠതയുടെ (Character) ഭാഗമാണ്. അത് വ്യക്തിത്വത്തിന് (Personality) ശോഭ നൽകുന്നതുമാണ്. അഭിമാനത്തോടൊപ്പം ചേർന്നുപോകുന്നത് താഴ്മയാണ്. താഴ്മ നഷ്ടപ്പെട്ടാൽ അഭിമാനം വ്യഥാഭിമാനമായി തരംതാണു പോകും. അതുകൊണ്ട് നമ്മുടെ മനോഭാവത്തെ ശരിയായി നിലനിർത്തുവാൻ നാം ഏറെ സൂക്ഷ്മതയുള്ളവരായിരിക്കേണ്ടതാണ്.

താഴ്മയുടെ പ്രത്യേകത മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കാണുന്നു എന്നതാണ്. അതുകൊണ്ട് എല്ലാവരോടും ബഹുമാനപൂർവ്വം തുറന്ന മനസ്സോടെ ഇടപെടാൻ കഴിയും. അതിന്റെ ഫലമായിട്ടാണ് ഐക്യതയും, സഹോദരസ്നേഹവും വളർച്ച പ്രാപിക്കുന്നത്. ഐക്യതയും സഹോദരസ്നേഹവും വളരുന്നു എങ്കിൽ മാത്രമേ ആത്മീയതയിൽ നമുക്കും വളരുവാനും സഫലന്മാരാകുവാനും കഴിയുകയുള്ളൂ.

വ്യഥാഭിമാനം അഹങ്കാരത്തിന് വഴി തുറക്കും. സ്വയം ഉയർത്തുന്നവരായിത്തീരും. തന്നെത്താൻ ഉയർത്തുന്നവർ താഴ്ത്തപ്പെടും എന്നത് ദൈവവ്യവസ്ഥയാണ്. വചനത്തിൽ നമുക്ക് നൽകുന്ന പ്രബോധനം ഇതാണ് 'തമ്മിൽ ഐക്യതയുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോട് ചേർന്ന് കൊള്ളുവിൻ' (റോമർ 12 :16) വലിപ്പം ഭാവിക്കുന്ന മനോഭാവം നമ്മിൽ ഉണ്ടോ എന്ന് ഓരോരുത്തരും സ്വയം ശോധന ചെയ്യണം. വലിയവനെന്നു

ഭാവിക്കുന്ന മനോഭാവം തന്നെയാണ് വൃഥാഭിമാനം. ഇപ്രകാരമുള്ളവർ കുടുംബപശ്ചാത്തലം, ജാതി, സാമ്പത്തിക നിലവാരം, തൊഴിൽ നിലവാരം, വിദ്യാഭ്യാസം, നിറം, ഇങ്ങനെ പല കാര്യങ്ങളിലും വിവേചനം പുലർത്തുന്നവരാകും. മറ്റുള്ളവരിൽ നിന്ന് തങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ ശ്രേഷ്ഠരായിരിക്കുന്നു എന്നതാണ് അവരുടെ അന്വേഷണം. താണ നിലവാരമുള്ളതായി മറ്റുള്ളവർ കണക്കാക്കുന്നതെന്തെങ്കിലും സ്വജീവിതത്തിൽ ഉണ്ടെങ്കിൽ അതിനെ മറച്ചുവയ്ക്കുവാൻ അവർക്ക് ശ്രദ്ധയുണ്ടാകും. പൊങ്ങച്ചം പറയുന്നതും, കാണിക്കുന്നതും അവരുടെ സ്വഭാവമായി പരിണമിക്കുന്നു. അതിനാൽ അവർ ജഡികരായി മാറുന്നു എന്നതാണ് ഭവിഷ്യത്ത്.

മുൻവിധികൾ വച്ചു കൊണ്ടുള്ള വിവേചനപരമായ പെരുമാറ്റം (Discrimination) കാണിക്കുന്ന പ്രവണത ദൈവത്തിന്റെ മുമ്പാകെ വളരെ തെറ്റായ ഒന്നാണ്. ദൈവം പാപത്തെ വെറുക്കുന്നു. അതിനാൽ പാപത്തിൽ നിന്നും ദൂരം പാലിക്കേണ്ടതിന് വേർപാട് സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആരോടും പക്ഷാഭേദം കാണിക്കുവാൻ ദൈവവചനം അനുവദിക്കുന്നില്ല. വൃഥാഭിമാനത്തിൽ നിന്നും ഉളവാകുന്ന ഒന്നാണ് പക്ഷാഭേദം. ഇത് ഐക്യതയ്ക്കും സാഹോദര്യബന്ധത്തിനും വലിയ തടസ്സമായിത്തീരുന്നു. എളിയവരുടെ തലത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിയുന്ന മനോഭാവം ദൈവത്തിന്റെ മുമ്പിൽ ശ്രേഷ്ഠമായതാണ്. വർണ്ണനാതീതമായ സ്വർഗ്ഗീയ മഹത്വം വിട്ട് ഈ ഭൂമിയിലേക്ക് പാപികളും നരകയോഗ്യരുമായിരുന്ന നമ്മെത്തേടി മനുഷ്യജന്മം എടുത്ത ക്രിസ്തുനാഥനാണ് എളിയവരുടെ തലത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ നമുക്കും മാതൃക ആയിരിക്കുന്നത്.

ക്രിസ്തുവിന്റെ ഭാവമാണ് അഭിമാനത്തിന് നിദാനമായിരിക്കുന്നത്. തന്നെത്തന്നെ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്ന കർത്താവ്, നമ്മെത്തന്നെ താഴ്ത്തുവാൻ ഉപദേശിക്കുകയും അതിനുള്ള നല്ല ഉദാഹരണമായി മാതൃകാമുദ്രയായി നിൽക്കുകയും ചെയ്യുന്നു. ക്രിസ്തുവിൻ സ്വഭാവത്തിന്റെ പ്രകാശത്തിൽ നാം നമ്മെ ശോധന ചെയ്താൽ നമ്മിൽ ഉരുണ്ടുകൂടിയിരിക്കുന്ന അഹന്തയും വൃഥാഭിമാനവും എല്ലാം നമുക്ക് വ്യക്തമായി കാണുവാൻ കഴിയും. എന്നുമാത്രമല്ല അവ നമുക്ക് ഏറ്റവും വെറുക്കപ്പെട്ടതായിത്തീരുകയും ചെയ്യും. ഇപ്രകാരം നമ്മുടെ മനോഭാവം രൂപാന്തരപ്പെട്ട് ക്രിസ്തുവിന്റെ ഭാവം ഉള്ളവരായിത്തീരുന്നതാണ് നമ്മുടെ അന്തസ്സ്! വൃഥാഭിമാനം മാനസിക സംഘർഷങ്ങളിൽ മുങ്ങിപ്പോകുവാൻ കളം ഒരുക്കുന്നതാണ്. മനസ്സിലെ വേദനകളും പിരിമുറുക്കങ്ങളും ആരോടും തുറന്നു പറയാതെ, മറ്റുള്ളവരുടെ മുമ്പിൽ യാതൊരു പ്രശ്നവുമില്ല എന്ന് നടിച്ച് നിരാശയിൽ മുങ്ങി വിഷാദരോഗികളായി മാറുന്ന അനേകർ നമുക്ക് ചുറ്റും ഉണ്ട്. എന്തെങ്കിലും അത്യാഹിതം സംഭവിച്ചതിനുശേഷം ആണ് പലരെക്കുറിച്ചും നാം അറിയുന്നത്. ആത്മാഭിമാനം സംരക്ഷിക്കുവാൻ പലതും അവർ മൂടിവച്ചു എന്നതാണ് പ്രധാന കാരണം.

ഏതൊരു പ്രശ്നത്തിന്റെയും ശരിയായ പരിഹാരം ദൈവസന്നിധിയിൽ ഹൃദയം തുറക്കുന്നത് തന്നെയാണ് എന്നതിന് യാതൊരു സംശയവുമില്ല. ഹന്ന പ്രാർത്ഥിച്ചത് പോലെ ഓരോരുത്തർക്കും ഹൃദയം തുറന്ന് പ്രാർത്ഥിക്കുവാൻ കഴിയണം. അപ്രകാരം പ്രാർത്ഥിക്കുന്നവർക്ക് വലിയ വിടുതൽ അനുഭവിക്കുവാൻ കഴിയും. എന്നാൽ സാഹോദര്യ ബന്ധത്തിൽ വസിക്കുവാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നതു കൊണ്ട്, ഹൃദയം പങ്കിടുവാനും ഒരുമിച്ചു പ്രാർത്ഥിക്കുവാനും കഴിയുന്ന ആത്മീകസഹോദരങ്ങളുടെ കൂട്ടായ്മ നമുക്ക് ഏറ്റവും അനിവാര്യമാണ്. അതിന് യോഗ്യരായ സഹോദരങ്ങളെ ദൈവം നമുക്ക് എല്ലാവർക്കും നൽകിയിട്ടുണ്ട്. എന്നാൽ വൃഥാഭിമാനം, ദൈവസ്നേഹത്താൽ പരിപോഷിപ്പിക്കപ്പെടേണ്ട സാഹോദര്യബന്ധത്തിന് തടസ്സം ആകും എന്നതിനാൽ യാതൊരു കാരണവശാലും മനോവ്യഥ ഉള്ളിൽ സൂക്ഷിക്കാതെ വിശ്വസ്തരും പ്രാർത്ഥിക്കുന്നവരുമായ സഹോദരങ്ങളോട് പങ്കുവയ്ക്കുകയും ഏകഹൃദയത്തോടെ ചേർന്നിരുന്നു പ്രാർത്ഥിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

നമ്മെ തകർത്തു കളഞ്ഞേക്കാവുന്ന പ്രതിബന്ധങ്ങളെ പ്രാർത്ഥനയാൽ ജയിച്ച അനുഭവങ്ങൾ പല സഹോദരങ്ങൾക്കും ഉണ്ട്.അതിനാൽ പ്രശ്നപരിഹാരത്തിന് ഏകമനസ്സുള്ളവരായി പ്രാർത്ഥിക്കുന്നവരുടെ പിൻബലം നിരാശരാകാതെ നമ്മെ മുമ്പോട്ട് നടത്തുക തന്നെ ചെയ്യും. ഇപ്രകാരം ചെയ്യുവാൻ കഴിഞ്ഞില്ലല്ലോ എന്നോർത്ത് പരിതപിക്കുവാനവസരം നൽകാതെ, വിശ്വസ്തരായവരോട് തുറന്നു പറഞ്ഞു പ്രാർത്ഥനയാൽ പരിഹാരം പ്രാപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. താഴ്മയും ദുരഭിമാനവും പരസ്പര വിരുദ്ധം ആകയാൽ താഴ്മയുള്ള ഒരു വ്യക്തിയെ ദുരഭിമാനത്തിനു കീഴടക്കുവാൻ സാധ്യമല്ല.

•

# ഒരു രഥയാത്രയുടെ വഴിയെ

ദേശം കഠിനക്ഷാമത്തിലൂടെ കടന്നു പോകുന്ന കാലത്ത് ഒരു ദിവസം യാക്കോബിന്റെ കൂടാരവാതിൽക്കൽ സവിശേഷമായ കുറെ രഥങ്ങൾ വന്നു നിന്നു. അതു യാക്കോബിനെ വരൾച്ചയുടെ ദേശത്തു നിന്നും സുഭിക്ഷതയുടെ നാട്ടിലേക്കു കൊണ്ടുപോകാൻ യോസേഫയച്ച യാത്രാവാഹനങ്ങളായിരുന്നു. യാക്കോബിനു വീണ്ടും ചൈതന്യം വരുത്തിയ രഥയാത്രയുടെ ചരിത്രം ഉല്പത്തി പുസ്തകം 45-ാം അധ്യായം വിശദീകരിക്കുന്നു. രഥത്തിലെ യാത്രാസുഖമോ, വഴിയോരക്കാഴ്ചകളുടെ വശ്യതയോ അല്ല ആ രഥം ആരുടെ അടുത്താണ് തന്നെ കൊണ്ടെത്തിക്കുകയെന്ന അറിവാണ് യാക്കോബിന്റെ പ്രസരിപ്പിന്റെയും തിടുക്കത്തിന്റെയും പിന്നിലെ കാരണം.

ഭക്തനായ മിഷനറി, നാഗൽ സായിപ്പിന്റെ പ്രശസ്തമായ മലയാളഗാനം ക്രൈസ്തവ കൈരളിയ്ക്ക് ഒരു മനോഹര രഥം സമ്മാനിച്ചിട്ടുണ്ട്. ആഹ്ലാദത്തോടെ പാടേണ്ട ആ രഥയാത്രാ ഗാനം "സമയമാം രഥത്തിൽ" ദു:ഖരാഗത്തിലാണെങ്കിലും മുഴുവൻ മലയാളികളുടെയും ചുണ്ടുകളെ ചലിപ്പിച്ചിട്ടുണ്ട്.

മിനിറ്റുകളും, മണിക്കൂറുകളും, ദിവസങ്ങളും, വർഷങ്ങളും താണ്ടി സമയമാം രഥത്തിൽ യാത്ര ചെയ്യുന്ന സഹയാത്രികരോടൊരു വാക്ക്! ഈ രഥത്തിന്റെ ഓട്ടം എപ്പോൾ നിലയ്ക്കുമെന്നു നാമറിയുന്നില്ല, എന്നാലതു എവിടെ നിലയ്ക്കുമെന്നു നാം അറിഞ്ഞിരിക്കണം. യോസേഫയച്ച രഥത്തിലാണു യാത്ര ചെയ്യുന്നതെന്ന അറിവ് യാക്കോബിന് ചൈതന്യദായകമായിരുന്നതു പോലെ നമ്മുടെ യാത്ര ആരയച്ച രഥത്തിലാണെന്നു ചിന്തിക്കേണ്ടതുണ്ട്. പറുദീസ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന രക്ഷാരഥത്തിലാണോ നിത്യശിക്ഷാവിധിയുടെ തീരത്തേയ്ക്കു പോകുന്ന നരകരഥത്തിലാണോ നമ്മുടെ യാത്ര? രക്ഷയുടെ രഥം ഞെരുക്കത്തിന്റെയും ഇടുക്കത്തിന്റെയും വഴിയേ പോയാലും ചെന്നു നിൽക്കുന്നതു പറുദീസയിലായിരിക്കും, എന്നാൽ ഈ രക്ഷാമാർഗ്ഗം നിരസിച്ച് വിശാലവഴിയേ നിയന്ത്രണങ്ങളില്ലാതെ ആഘോഷമായി പോകുന്ന യാത്രയുടെ അന്ത്യം ഭീതിതമായിരിക്കും.

നിത്യതയെക്കുറിച്ച് പ്രത്യാശയുള്ള മനുഷ്യനു മരണം സൗഭാഗ്യത്തിലേക്കു തുറക്കുന്ന വാതിലാണ്, എന്നാൽ നശ്വരമായ ഈ ലോകത്തിൽ മാത്രം സ്വപ്നങ്ങൾ നെയ്യുന്നവർക്കു മരണം ഭയാനകമായ ഒരു അനുഭവമായിരിക്കും.

അപരിചിതമായ പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുന്നവർ വഴി തെറ്റാതിരിയ്ക്കാൻ റോഡ് മാപ്പുകളും, യാത്രക്കാർക്കുള്ള ഗൈഡുകളും ഉപയോഗിക്കാറുണ്ടല്ലോ. വഴിയരികിൽ സ്ഥാപിച്ചിരിക്കുന്ന ദിശാസൂചികകളും ഉണ്ടായിരിക്കും. മോക്ഷയാത്രക്കാർക്കുള്ള ദിശാസൂചികയാണ് ദൈവവചനമായ ബൈബിൾ. ആകാശവും, ആകാശ വിതാനവും, പ്രകൃതിയിൽ നാം ദിനേന കാണുന്ന നിരവധി മുന്നറിയിപ്പുകളും ശ്രദ്ധിച്ചാൽ അവ വചനത്തിലെ മുന്നറിയിപ്പുകളുമായി ഒത്തുപോകുന്നതായി കാണാം. നിരവധി അപകട മുന്നറിയിപ്പുകൾ ലഭിച്ചിട്ടും അവഗണിച്ചു തെറ്റായ ദിശയിൽ യാത്ര ചെയ്യുന്നവർ അനർത്ഥത്തിൽ അവസാനിക്കുമെന്നു നമുക്കറിയാം.

നമ്മുടെ യാത്രാരഥം ശരിയായ ദിശയിലാണോ എന്നു വചനത്തിലെ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ ഉറപ്പു വരുത്തുക. നേർവീഥിയുടെ ശുശ്രൂഷ അതിനു നിങ്ങൾക്കൊരു തുണയായിരിക്കും. മോക്ഷയാത്രയിലെ ഉത്തമസുഹൃത്തായി നിങ്ങൾക്കു പ്രയോജനപ്പെടും എന്ന പ്രതീക്ഷയോടെ... ●

KVR



സാജു മാത്യു

# അടുത്ത മേശ കർത്താവിനോടുകൂടെ!

***അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു (1 കൊരിന്ത്യർ 11:26).***

**പു**രാതന ഉക്രെയിനിൽ ഒരു അമ്മയും മകനും ഭിക്ഷയാചിച്ചു കഴിഞ്ഞിരുന്നു. ഒരു ശൈത്യകാലത്തു അവർ കടത്തിണ്ണയിൽ രാത്രി കഴിച്ചുകൂട്ടി. ആ അഞ്ചു വയസ്സുകാരനെ തണുപ്പിൽ നിന്നു രക്ഷിക്കാൻ അവന്റെ കനംകുറഞ്ഞ കമ്പിളിയുടുപ്പുകൾക്കു ത്രാണിയുണ്ടായിരുന്നില്ല. തണുത്തുവിറച്ച കുഞ്ഞിനെ അമ്മ തന്റെ കമ്പിളിഷോളു കൊണ്ടു പുതപ്പിച്ചു; തന്റെ തലയിൽ ചെവിമൂടിക്കിടന്ന കീറിയ കമ്പിളിത്തൊപ്പി അവന്റെ കുഞ്ഞുതലയിൽ വച്ചുകൊടുത്തു. മകൻ തണുപ്പകന്നു കിടന്നുറങ്ങി. എന്നാൽ, നേരം വെളുക്കുമ്പോഴേക്കും അമ്മ തണുപ്പിൽ വിറങ്ങലിച്ചു മരിച്ചിരുന്നു. ആ അഞ്ചു വയസ്സുകാരൻ തെരുവിന്റെ മാത്രം മകനായി മൂന്നു വർഷത്തോളം ഭിക്ഷ യാചിച്ചുകൊണ്ടു തെരുവുകളിൽ ജീവിച്ചു; തെരുവിൽ തന്നെ കിടന്നുറങ്ങി. ഒടുവിൽ ഒരു സന്നദ്ധസംഘടന അവനെ ദത്തെടുത്ത് മിഷൻഹോമിൽ കൊണ്ടുപോയി. അവിടുത്തെ നടത്തിപ്പുകാരൻ അവനു പുതിയ വസ്ത്രങ്ങൾ വാങ്ങിക്കൊടുത്തു. പുതിയ നിക്കറും പുതിയ ഉടുപ്പും പുതിയ ഷൂവും പുതിയ സോക്സും. പിന്നെ മനോഹരമായ ഒരു കമ്പിളിത്തൊപ്പിയും... പുതിയ വസ്ത്രങ്ങൾ അവനിഷ്ടപ്പെട്ടു. ജീവിതത്തിലാദ്യമായാണ് അവൻ പുതിയ വസ്ത്രങ്ങൾ ധരിക്കുന്നത്. എന്നാൽ, പുതിയ കമ്പിളിത്തൊപ്പി മാത്രം അവൻ മാറ്റിവെച്ചു. അവന്റെ തലയിൽ പിഞ്ചിയ ആ പഴയ കമ്പിളിത്തൊപ്പി തന്നെ അവൻ ധരിച്ചു. അവന്റെ പുതിയ രക്ഷിതാക്കൾ അവനെ വളരെ നിർബന്ധിച്ചപ്പോൾ പുതിയ കമ്പിളിത്തൊപ്പി അവൻ തലയിൽവെച്ചു. എന്നാൽ, അപ്പോഴും അവന്റെ പഴയതൊപ്പി പുതിയ നിക്കറിന്റെ പോക്കറ്റിലേക്കു തിരുകിക്കയറ്റി! അതങ്ങു കളഞ്ഞേരു മോനേ, അതു വളരെ പഴകിയതാണല്ലോ? അവർ അവനോടു പറഞ്ഞു. എന്നാൽ, അവന്റെ മറുപടി ഹൃദയഭേദകമായിരുന്നു: അന്ന് എന്റെ അമ്മ ഈ കമ്പിളിത്തൊപ്പിയെങ്കിലും തന്റെ തലയിൽ ധരിച്ചിരുന്നെങ്കിൽ, തണുത്തു വിറങ്ങലിച്ച് അവർ മരിക്കയില്ലായിരുന്നു. എന്റെ ജീവനെ രക്ഷിക്കാൻ എന്റെ അമ്മ സ്വന്തം പ്രാണനെ ഉപേക്ഷിച്ചു... ഇതു എന്റെ അമ്മയുടെ ഓർമയ്ക്കായി!

തിരുവത്താഴത്തിന്റെ ഏറ്റവും കാതലായ സത്യമതാണ്. നമുക്കുവേണ്ടി ജീവൻ തന്ന നമ്മുടെ കർത്താവിന്റെ ഓർമയ്ക്കായി! അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി; "ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം, എന്റെ ഓർമയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു" ഈ പാനപാത്രം കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമയ്ക്കായി ഇതു ചെയ്വിൻ" (1 കൊരിന്ത്യർ 11: 24, 25).

പെസഹയുടെ പെരുനാൾ ദിനത്തിലാണു യേശു തിരുവത്താഴം ആചരിക്കുന്നതിനുവേണ്ടി തന്നെത്തന്നെ നമുക്കു ഏൽപ്പിച്ചു തന്നത് (മത്തായി 26:17 മുതൽ, മർക്കൊസ് 14:12 മുതൽ, ലൂക്കൊസ് 22:7 മുതൽ).വളരെ അനുയോജ്യമായ ഒരു സമയമാണു കർത്താവ് കർത്തൃമേശയുടെ സ്ഥാപനത്തിനായി തെരഞ്ഞെടുത്തത്. 'പെസഹ'

(passover-കടന്നുപോക്ക്) എന്നത് യഹോവ മിസ്രയീമിലെ കടിഞ്ഞൂലുകളെ സംഹരിക്കാ നിറങ്ങിയപ്പോൾ കുഞ്ഞാടിന്റെ രക്തംപുരട്ടിയ കട്ടളക്കാലുകളുള്ള യിസ്രായേല്യഭവനങ്ങളെ സംഹരിക്കാതെ, 'കടന്നുപോയതിന്റെ' (passover പെസഹ) ഓർമച്ചിത്രമാണ് (പുറപ്പാട് 12:11-24). ഇവിടെയിതാ യേശു, നീതിമാനായ ദൈവത്തിന്റെ തീക്ഷ്ണതയുള്ള വാൾമുനയിൽ നിന്നു മനുഷ്യ വർഗത്തെ വീണ്ടെടുക്കാൻ ഒരു "അറുക്കപ്പെട്ട കുഞ്ഞാടായിത്തീർന്നിരിക്കുന്നു.നമ്മുടെ പെസഹക്കുഞ്ഞാടുംഅറുക്കപ്പെട്ടി രിക്കുന്നു; ക്രിസ്തുതന്നെ (1 കൊരിന്ത്യർ 5:7).

ഇതൊക്കെയാണെങ്കിലും'കർത്തൃമേശ' (തിരുവത്താഴം) എന്നതു പെസഹയുടെ ഒരു പുതിയനിയമ "വേർഷൻ" ആണെന്നു നമുക്കു ചിന്തിക്കാൻ കഴിയില്ല. പെസഹയുടെ പശ്ചാത്ത ലത്തിലാണ് തിരുവത്താഴം നടക്കുന്നതെങ്കിലും പെസഹായും തിരുവത്താഴവും ആചാരത്തിലും അർഥത്തിലുമെല്ലാം അടിമുടി വ്യത്യാസപ്പെട്ടി രിക്കുന്നു. യേശുവിന്റെയും ശിക്ഷ്യന്മാരുടെയും പെസഹ ആചരണ വിവരണത്തിൽ അതു മനസിലാക്കാനുള്ളതേയുള്ളൂ. പെസഹാനാളിൽ, "സന്ധ്യയായപ്പോൾ യേശു പന്ത്രണ്ടു ശിഷ്യന്മാ രോടുകൂടെ പന്തിയിൽ ഇരുന്നു. അവർ ഭക്ഷിക്കുമ്പോൾ, നിങ്ങളിൽ ഒരുവൻ എന്നെ കാണിച്ചുകൊടുക്കും (മത്തായി 26: 20,21) എന്നു പറഞ്ഞു. അതു പെസഹായുടെ ഭക്ഷണമാണ്. എന്നാൽ, 'വീണ്ടും അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി തന്റെ ശിഷ്യന്മാർക്കു കൊടുത്തു' (മത്തായി 26:26) പെസഹയുടെ ഭക്ഷണം കഴിഞ്ഞിട്ടാണ് ഈ അപ്പം നുറുക്കൽ എന്നു നാം മനസിലാക്കണം. മർക്കൊ സിന്റെ സുവിശേഷത്തിലും പെസഹാഭക്ഷണ ത്തിന്റെയും "അപ്പം നുറുക്കലി"ന്റെയും വ്യത്യ സ്തത കാണുന്നു (മർക്കൊസ് 14:17, 22). ലൂക്കൊ സിന്റെ സുവിശേഷത്തിൽ ഇതു കൃത്യമായി വിവരിച്ചിരിക്കുന്നു.'സമയമായപ്പോൾ അവൻ അപ്പൊസ്തലന്മാരുമായി ഭക്ഷണത്തിനിരുന്നു' (ലൂക്കൊസ് 22:14). അവൻ അവരോടു, ഞാൻ കഷ്ടം അനുഭവിക്കും മുമ്പെ ഈ പെസഹ നിങ്ങളോടുകൂടെ കഴിപ്പാൻ വാഞ്ഛയോ ടാഗ്രഹിച്ചു (ലൂക്കൊസ് 22:15). പിന്നെ അവൻ പാനപാത്രം എടുത്തു വാഴ്ത്തി, ഇതു വാങ്ങി പങ്കിട്ടുകൊൾവിൻ (ലൂക്കൊസ് 22:17). പെസ ഹായുടെ അപ്പവും വീഞ്ഞും അവർ ഭക്ഷിച്ചു കഴിഞ്ഞു. പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്കു കൊടുത്തു; ഇതു നിങ്ങൾക്കുവേണ്ടി നൽകുന്ന എന്റെ ശരീരം..." (ലൂക്കൊസ് 22:19).

പെസഹായുടെ ഭക്ഷണം കഴിഞ്ഞശേഷം യേശു രണ്ടാമതു പിന്നെയും അപ്പം എടുക്കുന്നു...അതാണു തിരുവത്താഴത്തിലെ അപ്പം.''അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു (ലൂക്കൊസ് 22:20). നോക്കുക ഇവിടെ രണ്ടാമതു പാനപാത്രം എടുക്കുകയാണ്... രണ്ടാമത് അപ്പം കൊടുക്കു മ്പോഴാണ് അതു ''നുറുക്കി'' ശിഷ്യന്മാർക്കു നൽകുന്നത്. രണ്ടാമത്തെ അപ്പത്തെപ്പറ്റിയാണ് "അത് എന്റെ ശരീരം, എന്റെ ഓർമയ്ക്കായി ഇതു ചെയ്‌വിൻ"(ലൂക്കൊസ് 22:19) എന്നു പറയുന്നത്. രണ്ടാമത്തെ പാനപാത്രത്തെപ്പറ്റിയാണ് ''ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു"എന്നു പറയുന്നത്! (ലൂക്കൊസ് 22:20).

പെസഹ അത്താഴത്തിനുശേഷമാണ് യേശു തിരുവത്താഴത്തിനുള്ള അപ്പം എടുക്കുന്നതെങ്കിൽ, ആ രണ്ടാമത്തെ അപ്പം എവിടെനിന്ന്? അതിനു യുക്തിസഹമായ ഒരു വിശദീകരണമുണ്ട്. യെഹൂദന്മാരുടെ മശിഹൈകപ്രതീക്ഷയുടെ പാരമ്യതയുടെ കാലത്താണു യേശുവിന്റെ ആഗമനം എന്നു നമുക്കറിയാം. ഓരോ പ്രാവിശ്യവും അവർ പെസഹ ആചരിച്ചിരുന്നപ്പോൾ മശിഹ നമ്മോടുകൂടെ ഉണ്ടായിരുന്നെങ്കിൽ എന്നു അവർ ആശിച്ചു. അതുകൊണ്ട് അവർ ഓരോ പെസഹ അത്താഴത്തിലും 'മശിഹയ്ക്കുവേണ്ടി' എന്നു പറഞ്ഞ് ഒരു അപ്പം മാറ്റിവച്ചിരുന്നു. പെസഹ കഴിഞ്ഞ് യേശുമശിഹയ്ക്കുവേണ്ടി എന്നു പറഞ്ഞ് മാറ്റിവച്ചിരുന്ന ഈ അപ്പം കരങ്ങളി ലെടുത്തു എന്നു ചിന്തിക്കുന്നതാണുത്തമം.

ഇക്കാര്യമാണ് പൗലൊസ് 1 കൊരിന്ത്യർ 11: 23, 24 വേദഭാഗത്ത് ഉദ്ധരിക്കുന്നത്. മശിഹയുടെ അപ്പം കരങ്ങളിലെടുത്ത് യേശു പറഞ്ഞു: ഈ അപ്പത്തിനു പ്രസക്തിയില്ല. മശിഹ വന്നു കഴിഞ്ഞു. ഈ മശിഹയാണ് ഇപ്പോൾ നിങ്ങളോടുകൂടെ ഭക്ഷണത്തിനിരിക്കുന്നത്. നിങ്ങൾ എനിക്കുവേണ്ടി മാറ്റിവച്ചിരിക്കുന്ന അപ്പം ഇതാ ഞാൻ കരങ്ങളിലെടുക്കുന്നു. എനിക്കു ഭക്ഷിക്കാനല്ല, നിങ്ങൾക്കു തരാൻ! "അവൻ അപ്പം എടുത്തു സ്തോത്രംചൊല്ലി നുറുക്കി...ഇതു

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# പിളർപ്പുണ്ടാക്കുന്നവർ

***അ**ത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും നടുവേ വലിയ ഒരു പിളർപ്പുണ്ടാക്കിയിരിക്കുന്നു. ഇവിടെനിന്ന് നിങ്ങളുടെ അടുക്കൽ കടന്നുവരുവാൻ ഇച്ഛിക്കുന്നവർക്ക് കഴിവില്ല. അവിടെനിന്ന് ഞങ്ങളുടെ അടുക്കൽ കടന്ന് വരുവാനും പാടില്ല എന്നു പറഞ്ഞു( ലൂക്കോസ് 16: 26)*

നമ്മുടെ കർത്താവ് പറഞ്ഞ ധനവാൻ, പാതാളത്തിൽ യാതന അനുഭവിക്കവേ പറുദീസയിൽ നിന്ന് ഒരാളെ സഹായത്തിന് അയക്കണമെന്ന അപേക്ഷ അബ്രഹാം പിതാവിന്റെ മുൻപാകെ സമർപ്പിച്ചപ്പോൾ ലഭിച്ച മറുപടി ആണിത്. ഞങ്ങൾക്ക് അങ്ങോട്ട് വരുവാനും കഴിവില്ല, നിങ്ങൾക്ക് ഇങ്ങോട്ട് വരുവാനും കഴിയില്ല. കാരണം ഒരു വലിയ പിളർപ്പ്. ഈ പിളർപ്പ് ദൈവം നിർമ്മിച്ചതാണെന്ന് പറയാം. പക്ഷേ ഭൂമിയിൽ വെച്ച് നിർമ്മിച്ച പിളർപ്പുകളെ ഒന്നോർക്കുന്നത് നല്ലതായിരിക്കും. ഇദ്ദേഹത്തിന്റെ വീടിന് വലിയ മതിലും പടിപ്പുരയും ഉണ്ടായിരുന്നല്ലോ. പണ്ടൊക്കെ രാജാക്കന്മാരുടെ പാർപ്പിടത്തിന് ചുറ്റും വലിയ കിടങ്ങുകൾ കുഴിച്ചിരുന്നു. മതിലിന് വെളയിൽ ചുറ്റോട് ചുറ്റും വലിയ പിളർപ്പുകൾ, ആർക്കും പുറത്തുനിന്നകത്തേക്കും അകത്തുനിന്ന് പുറത്തേക്കും അത്ര വേഗത്തിൽ പ്രവേശിക്കാൻ ആകില്ല.

നമ്മുടെ ധനവാന്റെ വീടിന് ചുറ്റിലും ഇതുപോലെ പിളർപ്പ് കാണുമായിരിക്കും. പടിപ്പുരയ്ക്കൽ കിടന്നവനെ അകത്തേക്ക് കയറ്റിയിട്ടില്ല. അവന് അകത്തേക്ക് പ്രവേശിക്കാൻ കഴിയാത്ത പിളർപ്പുകളും വൻമതിലുകളും ധനവാൻ പണി കഴിപ്പിച്ചിരുന്നു. ഇവർ തമ്മിൽ യാതൊരു ബന്ധവുമില്ലായിരുന്നു. ഇവർക്കിടയിൽ വലിയ പിളർപ്പുണ്ടായിരുന്നു. മരണാനന്തരം ഇതാ മറ്റൊരു പിളർപ്പ്. ധനവാനും ലാസറിനും ഇടയിൽ! ധനവാനങ്ങോട്ട് പോകുവാൻ ആഗ്രഹമുണ്ട്. പക്ഷേ സാധ്യമല്ല. വലിയ പിളർപ്പാണ്. ദരിദ്രനും വരുവാൻ കഴിയില്ല, കഷ്ടം! ഒന്നോർക്കുന്നത് എല്ലാവർക്കും നല്ലതാണ്. ഭൂമിയിലെ പിളർപ്പുകൾ മാറ്റാൻ പറ്റും. ലാസറിന് പറ്റില്ല, പക്ഷേ ധനവാനു പറ്റുമായിരുന്നു. ധനവാൻ ഒന്ന് കനിഞ്ഞാൽ ലാസറിന്റെ അടുത്തേക്ക് പോകാമായിരുന്നല്ലോ! ലാസർ ആയിരം വട്ടം ആഗ്രഹിച്ചു കാണും ധനവാനെ ഒന്ന് അടുത്ത് കാണാനും സങ്കടം പറയുവാനും. ഒരു പുനരാധിവാസ സംവിധാനം ഉണ്ടാക്കി ആ വലിയ പിളർപ്പ് ഒന്ന് മാറ്റാമായിരുന്നില്ലേ ധനവാനേ?..

ഇന്ന് ബന്ധങ്ങൾക്ക് വലിയ വിലയിടിവു സംഭവിച്ചിരിക്കുന്നു. പണത്തിന് മാത്രമാണ് വില. സഹോദരങ്ങളെയും സഹോദരികളെയും അപ്പനെയും അമ്മയെയും എല്ലാം പണത്തിനുവേണ്ടി ഒഴിവാക്കുന്ന തലമുറ. സ്വന്തം സുഖത്തിനു വേണ്ടി ആരെയും ഒഴിവാക്കാൻ മടിക്കാത്ത സമൂഹം. വൃദ്ധമന്ദിരങ്ങൾ വർദ്ധിക്കുന്നത് മനസ്സലിവിന്റെയും മനുഷ്യസ്നേഹത്തിന്റെയും അടയാളമാണെന്ന് പറയാമെങ്കിലും വൃദ്ധരെ അവഗണിക്കുന്ന മക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നതിന്റെ അടയാളം കൂടിയല്ലേ ഇത്?

പണ്ടൊരിക്കൽ തിരുവല്ലായിൽ നടന്ന ഒരു കുടുംബ സെമിനാറിൽ, വചനം പറഞ്ഞു കൊണ്ടിരിക്കുമ്പോൾ ഒരു മാതാവ് വല്ലാതെ ദു:ഖിതയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. രണ്ടുദിവസത്തെ ക്ലാസിനു ശേഷം ആ മാന്യവനിത അല്പസമയം സംസാരിക്കാൻ അവസരം ചോദിച്ചു വാങ്ങി. അഞ്ച് സഹോദരങ്ങളും അപ്പനും അമ്മയും ഉള്ള കുടുംബത്തിലേക്ക് മൂത്ത മരുമകളായി വന്ന ഈ സ്ത്രീ വളരെ പെട്ടന്ന് ആ കുടുംബത്തെ ഭിന്നിപ്പിച്ചു. വളരെ സ്നേഹത്തിലും ഐക്യതയിലും ഒന്നിച്ച് മുന്നേറിയിരുന്ന ആ വീട്ടിൽ നിന്ന് തന്റെ ഭർത്താവിനെയും കൂട്ടി വാടക വീട്ടിലേക്ക് മാറിയത് അവൾക്ക് തന്റെ ഭർത്താവിനെ സ്വന്തമായി ലഭിക്കുവാൻ വേണ്ടി ആയിരുന്നു. തനിക്ക് ലഭിക്കേണ്ട ധനവും സ്നേഹവും സമയവും സന്തോഷവും വീട്ടുകാരെല്ലാവരും കൂടി പങ്കിട്ടെടുക്കുന്നത് അവൾക്ക് സഹിച്ചില്ല. ആ സ്നേഹമുള്ള വീട്ടിൽ അവൾ ഭിന്നതയുടെ വിത്ത് പാകി, സ്വാർത്ഥതയുടെ നേട്ടം വേഗത്തിൽ കൊയ്തു.

കാൽ നൂറ്റാണ്ട് പിന്നിട്ടപ്പോൾ ഈ സ്ത്രീ ഇന്ന് കുമ്പസാരിക്കുവാൻ വന്നിരിക്കുകയാണ്. എല്ലാം എന്റെ പിഴ. ഞാൻ അനുഭവിക്കുവാൻ തുടങ്ങി. എന്റെ മൂത്ത രണ്ടു മക്കളും സ്വന്തം ഇഷ്ടത്തിന് വിവാഹം ചെയ്തു, അവരുടെ കുടുംബ ബന്ധം തകർന്നു, തിരികെ വീട്ടിൽ വന്നു നിൽക്കുന്നു. ഇത് കാണുന്ന ഇളയ മകൾ വിവാഹം വേണ്ട എന്ന് പറയുന്നു. എന്റെ ഭർത്താവ് ഇതെല്ലാം കണ്ട് രോഗിയായി തുടരുന്നു.ഞാൻ മടുത്തു സാർ... എല്ലാവരും എന്നെ കുറ്റപ്പെടുത്തുന്നു. അതെ ഞാൻ തന്നെയാണ് കുറ്റക്കാരി. എനിക്കിനി ദൈവം മാപ്പ് തരുമോ? 25 കൊല്ലം മുമ്പ് കുടുംബത്തിൽ പിളർപ്പുണ്ടാക്കിയവൾ ഇന്ന് പിളർപ്പിൽ വീണിരിക്കുന്നു.

സഭകളിലും ഇതുതന്നെ അവസ്ഥ. വളരെ സന്തോഷത്തോടെ പോകുന്ന സഭകളിൽ പിളർപ്പുണ്ടാക്കുന്നവർ അന്ന് വിതച്ചു, ഇന്ന് കൊയ്യുന്നത് കണ്ണ് തുറന്നു നോക്കിയാൽ കാണാം. പിളരും തോറും വളരുന്ന രാഷ്ട്രീയമുള്ള കേരളത്തിലാണല്ലോ നമ്മൾ ജീവിക്കുന്നത്. അതെ നയം തന്നെ ക്രിസ്തീയ സഭകളും സ്വീകരിച്ചിരിക്കുന്നു. പക്ഷേ ഒന്നോർത്തു കൊള്ളുക സഭ രാഷ്ട്രീയമല്ല.

**സഹോദരങ്ങളെയും സഹോദരികളെയും അപ്പനെയും അമ്മയെയും എല്ലാം പണത്തിനുവേണ്ടി ഒഴിവാക്കുന്ന തലമുറ. സ്വന്തം സുഖത്തിനു വേണ്ടി ആരെയും ഒഴിവാക്കാൻ മടിക്കാത്ത സമൂഹം. വൃദ്ധമന്ദിരങ്ങൾ വർദ്ധിക്കുന്നത് മനസ്സലിവിന്റെയും മനുഷ്യ സ്നേഹത്തിന്റെയും അടയാള മാണെന്ന് പറയാമെങ്കിലും വൃദ്ധരെ അവഗണിക്കുന്ന മക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നതിന്റെ അടയാളം കൂടിയല്ലേ ഇത്?**

സത്യം പറഞ്ഞാൽ വേദനിക്കും.. ധനവാനും ലാസറിനും മധ്യത്തിൽ ജീവിതകാലത്ത് ആദ്യം പിളർപ്പുണ്ടാക്കിയത് ധനവാനോ? ലാസറോ?. ധനവാൻ തന്നെ. മതിൽ കെട്ടിയതും പടിപ്പുര പണിതതും ധനവാനും ശിങ്കിടികളും ചേർന്നല്ലേ? നേതാക്കൾക്കു വേണ്ടി നേതാക്കളാൽ പിളർത്തുന്ന നേതാക്കളുടെ പിളർപ്പിൻ കഷണങ്ങൾ അല്ലേ പല സഭകളും? ഐക്യതയുടെ പ്രഭാഷണങ്ങൾ വേദികളിൽ പറയുന്നവർ തന്നെ പിളർപ്പിന് കൂട്ടു നിന്നാൽ ഇന്നല്ലെങ്കിൽ നാളെ പിളർപ്പിൽ വീണു നിലവിളിക്കേണ്ടിവരും. ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു എന്ന നിലവിളി.

പണത്തിനും അധികാര സ്ഥാനങ്ങൾക്കും വേണ്ടി അല്ലാതെ വേലയുടെ അഭിവൃദ്ധിക്ക് വേണ്ടി ഒരു സഭയിലെ ചില കുടുംബങ്ങൾ അവരുടെ ഭവനത്തിന് സമീപത്തായി ഒരു പ്രവർത്തനം തുടങ്ങുന്നത് നല്ലതുതന്നെ. അതൊരിക്കലുംഅങ്ങോട്ടും ഇങ്ങോട്ടും കടക്കാൻ കഴിയാത്ത പിളർപ്പാകുന്നില്ല. എന്നാൽ ചിലർക്ക് നേതാവാകുവാനും വലിയവനാകുവാനും ധനസമ്പാദനത്തിനും സ്വാർത്ഥതയ്ക്കും സഭയെ പിളർത്തിയാൽ സഭയ്ക്കുവേണ്ടി ജീവൻ നൽകിയവൻ സഹിക്കുമോ?

പിളർത്തുന്നവരെ അല്ല, മതിൽ കെട്ടി ഇടിവിൽ നിൽക്കുന്നവരെയാണ് കർത്താവ് തിരയുന്നത്. പലരായ നമ്മെ ഒന്നാക്കുവാൻ വേണ്ടിയാണ് അരുമ നാഥന്റെ ചങ്ക് പിളർന്നത്. ●



ചെയ്സ് ജോസഫ്

# വിശ്വാസജീവിതം എന്ത്? എങ്ങനെ?

**ദൈ**വഹിതപ്രകാരമല്ലാത്ത എരിവുകൾ എങ്ങനെയാണ് ഉണ്ടാകുന്നത് എന്നാണ് നാം കഴിഞ്ഞ ലക്കത്തിൽ ചർച്ച ചെയ്തത്. മതപരമായ എരിവ് ഒരിക്കലും ദൈവത്തിന്റെ നീതിയെ നിവർത്തിക്കുന്നില്ല. മറിച്ച് അസ്വാഭാവികമായ, മാനുഷികമായ ഒരു നീതിയിലേയ്ക്കാണ് മനുഷ്യരെ എത്തിക്കുന്നത്. എന്നാൽ യഹൂദർ വിചാരിക്കുന്നത് ദൈവത്തെക്കുറിച്ച് അവർ എരിവുള്ളവരാണെന്നാണ്. പക്ഷേ അത് ദൈവത്തെക്കുറിച്ചുള്ള എരിവല്ല, അവരുടെ ഉള്ളിലുള്ള മതാത്മകത ഉണ്ടാക്കുന്ന എരിവാണ്. ഈ എരിവ് മറ്റുള്ളവരെ വിധിക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ

പൗലോസ് പറയുന്നു: ഞാൻ അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ്; അവർ രക്ഷിക്കപ്പെടണം എന്ന് തന്നെയാണ് എന്റെ ആഗ്രഹം; അങ്ങനെ എരിയുന്നവർ ദൈവത്തിന്റ നീതി അറിയുന്നില്ല. കാരണം അത് മനുഷ്യർക്ക് സാധിക്കുന്നതിനപ്പുറമാണ്. അങ്ങനെയുള്ള ഒരു നീതി ഒരിക്കലും മനുഷ്യർക്ക് സ്വന്തം പ്രവർത്തികളാൽ അന്വേഷിക്കുവാൻ സാധ്യമല്ല. ഇനി അന്വേഷിക്കുവാൻ ശ്രമിച്ചാൽ അവർ അതിൽ തട്ടി ഇടറി വീഴുകയേയുള്ളു. അവരുടെ എരിവ് നിമിത്തം പൗലോസ് അവരെ സ്നേഹിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പക്ഷേ അവരുടെ എരിവ്, തീഷ്ണത, ഇതെല്ലാം അവരെ ദൈവത്തിൽ നിന്ന് അകറ്റിക്കളയുകയാണ് ചെയ്യുന്നത് എന്നുള്ളത് പൗലോസിനെ ദു:ഖിപ്പിക്കുകയും ചെയ്യുന്നു. പൗലോസ് കൂട്ടിച്ചേർക്കുന്നു: വിശ്വസിക്കുന്നവർക്ക് നീതി ലഭിക്കുകയാണെങ്കിൽ അത് ക്രിസ്തുവിൽ ഉള്ള നീതിയാണ്, അത് ന്യായപ്രമാണത്തിന്റെ അവസാനമാണ്. അതായത് യേശുക്രിസ്തു ന്യായപ്രമാണത്തെ പൂർണ്ണമായും നിവർത്തിച്ചിരിക്കുന്നു. അവനിൽ വിശ്വസിക്കുന്നവൻ രക്ഷ പ്രാപിക്കത്തക്കവണ്ണം ആ നീതി പരിപൂർണ്ണമാക്കപ്പെട്ടിരിക്കുന്നു.

ഇത്രയും പറഞ്ഞ ശേഷം പൗലോസ് ഈ രണ്ട് നീതികൾ തമ്മിൽ താരതമ്യം ചെയ്ത് അവ തമ്മിലുള്ള വ്യത്യാസത്തെ വ്യക്തമാക്കുന്നു. പൗലോസ് എടുത്തുപറയുന്നു: ന്യായപ്രമാണത്തിലെ നീതി പ്രവർത്തിയിൽ അധിഷ്ഠിതമാണ്. റോമർ പത്തിന്റെ അഞ്ചാം അഞ്ചാം വാക്യം ഇങ്ങനെ പറയുന്നു; ന്യായപ്രമാണത്താലുള്ള നീതി സംബന്ധിച്ച്, അതിനാൽ ജീവിക്കും എന്ന് മോശെ എഴുതിയിരിക്കുന്നു. അപ്പോൾ ന്യായപ്രമാണത്തിലെ നീതി, പ്രവർത്തികളാൽ അനുസരിക്കപ്പെടേണ്ട ഒരു നീതിയായിരുന്നു. എന്നാൽ അത് വരാനുള്ള, പൂർണമായ നീതിയുടെ ഒരു നിഴൽരൂപം മാത്രമായിരുന്നു. നിയമത്തിൽ നിന്നും ന്യായപ്രമാണത്തിൽ നിന്നും അതിനെ നിഴൽ എന്ന് മനസ്സിലാക്കാതെ പൊരുൾ ആയി പ്രസംഗിക്കപ്പെടുമ്പോൾ സംഭവിക്കുന്നത് വലിയൊരു പ്രതിസന്ധിയാണ്.

ദൈവത്തിന്റെ നീതിയിലേക്ക് മനുഷ്യർക്ക് പോകുവാൻ കഴിയാതെ മാനുഷികമായ ഒന്നിൽ അവർ തളയ്ക്കപ്പെടുന്നു. മോശെയുടെ നീതി അനുസരിച്ച് അത് ചെയ്ത മനുഷ്യനാണ് ജീവിക്കുന്നത്. അതൊരു അനുസരണം നമ്മോട് ആവശ്യപ്പെടുന്നു: അനുസരണം നമ്മിൽ കണ്ടില്ലെങ്കിൽ

നമ്മൾ ശിക്ഷാവിധിക്ക് പാത്രരായിത്തീരുന്നു. അതുകൊണ്ടുതന്നെ അനുസരിക്കുന്നവരും അനുസരിക്കാത്തവരും എപ്പോഴും ഉണ്ട്. അനുസരിക്കുന്നവർ നീതിമാന്മാർ എന്ന് വിളിക്കപ്പെടുന്നു. അനുസരിക്കാൻ കഴിയാതെ പോകുന്നവർ തള്ളപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യുന്നു.

ഈ പ്രമാണത്തിന്റെ അനുസരണം മനുഷ്യന്റെ കഴിവ് അനുസരിച്ച് അവൻ ചെയ്യേണ്ടതാണ്. അത് അവനോട് ആവശ്യപ്പെടുകയാണ് നിയമം ചെയ്യുന്നത്. എന്നാൽ പ്രമാണം കൂടാതെ ഒരു നീതി, മാനുഷിക ശക്തികൊണ്ട് പൂർത്തിയാക്കാൻ പറ്റാത്ത ഒരു നീതി, നമുക്ക് എങ്ങനെയെങ്കിലും ലഭിക്കുമോ? അതിന്റെ ഉത്തരമാണ് ആറാം വാക്യത്തിൽ നമ്മൾ കാണുന്നത്.

വിശ്വാസത്താൽ ഉള്ള നീതിയോ, അത് എന്താണ് പറയുന്നത്? നമുക്ക് സാധിക്കാത്ത ഒരു നീതി സാധിക്കണമെങ്കിൽ ക്രിസ്തു തന്നെ വരണം. ക്രിസ്തു നമുക്ക് പകരക്കാരനായി നീതിയായി മാറണം, അപ്പോൾ ഒരു ചോദ്യം ഉണ്ടാകും; ഇത് എങ്ങനെ സംഭവിക്കും? ഒരുപക്ഷേ ആളുകൾക്ക് ചോദിക്കാം: കർത്താവ് എത്രയോ വർഷങ്ങൾക്ക് മുൻപ് അനുസരിച്ച് മരിച്ച് ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക് പോയതാണ്. ഇനി എങ്ങനെയാണ് കർത്താവ് എനിക്ക് പകരക്കാരനായി വരുന്നത്? ക്രിസ്തുവിനെ ഇറക്കണമെന്ന് വിചാരിച്ച് ആർക്കെങ്കിലും സ്വർഗ്ഗത്തിലേക്ക് കയറാൻ സാധിക്കുമോ? ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചേക്കാം, വിളിച്ചുകൊണ്ടുവരാം എന്ന് വിചാരിച്ച് ആർക്കെങ്കിലും പാതാളത്തിൽ ഇറങ്ങുവാൻ സാധിക്കുമോ? പിന്നെ എങ്ങനെയാണ് ക്രിസ്തുവിനെ നമുക്ക് പകരക്കാരനായി ലഭിക്കുന്നത്?

ഈ ഒരു ചോദ്യമാണ് സാധാരണ ആളുകൾ ചോദിക്കുന്നത് എന്ന് പൗലോസ് പറയുന്നു. ക്രിസ്തുവിനെ എങ്ങനെ ലഭിക്കാനാണ്? ഞാനല്ല, ക്രിസ്തുവത്രെ ജീവിക്കുന്നത് എന്ന പ്രമാണത്തിലേക്ക് എനിക്ക് എത്രമാത്രം അടുത്ത് ചെല്ലുവാൻ സാധിക്കും. അതിന്റെ ഉത്തരം എട്ടാം വാക്യത്തിൽ പറയുന്നു: വചനം നിനക്ക് സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു.

അപ്പോൾ ഒരു കാര്യം വ്യക്തമാണ് വചനം നമുക്ക് അകലെയല്ല. ദൈവത്തിന്റെ വചനമായ ക്രിസ്തു നമുക്ക് അകലെയല്ല. വചനം എന്റെ വായിലും എന്റെ ഹൃദയത്തിലും ആണെന്നതാണ് സുവിശേഷത്തിന്റെ മാർമികവചനം. തേജസിന്റെ ക്രിസ്തു നമ്മിൽ വസിക്കുന്നു എന്ന മാർമിക വചനം.എങ്ങനെയാണ് ഈ വചനം എന്റെ വായിലും എന്റെ ഹൃദയത്തിലും ഇരിക്കുന്നത് എന്ന് അടുത്ത വാക്യം പറയുന്നു. അത് ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനമാണ്. അപ്പോൾ എന്റെ വായിലും എന്റെ ഹൃദയത്തിലും ഇരിക്കുന്നത് വിശ്വാസവചനമാണ്. എന്താണ് വിശ്വാസജീവിതം എന്ന് നാം ഒരുപക്ഷേ അന്വേഷിച്ചിട്ടുണ്ടാകും. സാധാരണഗതിയിൽ നാം എല്ലാവരും വിശ്വസിച്ചു പോന്നത് ഒരുപക്ഷേ ഇങ്ങനെയായിരിക്കാം. എനിക്ക് എന്തെങ്കിലും ആവശ്യങ്ങൾ ഉണ്ടെങ്കിൽ ഞാൻ അത് മനുഷ്യരോട് പറയുകയില്ല. എനിക്ക് പണം വേണമെങ്കിൽ ഞാൻ കർത്താവിനോട് മാത്രമേ അത് പറയുകയുള്ളൂ. എന്നിട്ട് ഞാൻ വിശ്വാസത്താൽ കാത്തിരിക്കും. രോഗം വന്നാൽ ഞാൻ വൈദ്യന്റെ അടുത്ത് പോകാതെ, രക്ഷകനു വേണ്ടി, നല്ല വൈദ്യനുവേണ്ടി കാത്തിരിക്കും. ഇത് ദൈവം എനിക്ക് സാധിച്ചു തരും എന്ന് ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെ ദൈവത്തെ ആശ്രയിച്ചു ജീവിക്കുന്നതിനെയാണ് പലരും വിശ്വാസജീവിതം എന്ന് പറയുന്നത്. എന്നാൽ വിശ്വാസജീവിതം അതല്ല എന്ന് നാം മനസ്സിലാക്കിയിട്ടുണ്ട് എന്ന് ഞാൻ വിചാരിക്കുന്നു. ഗലാത്യ ലേഖനം രണ്ടാം അധ്യായത്തിന്റെ ഇരുപതാം വാക്യത്തിൽ പറയുന്നതുപോലെ, **വിശ്വാസത്താൽ അത്രെ ജീവിക്കുന്നത് എന്ന് പൗലോസ് പറയുമ്പോൾ, അത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ വസിക്കുന്നു എന്ന വിശ്വാസമാണ്. ഈ വിശ്വാസമാണ് നമ്മെ നീതിയിലേക്ക് നടത്തുന്നത്. ഈ വിശ്വാസവചനമാണ് പ്രസംഗിക്കപ്പെടുന്ന സുവിശേഷം.**

കൊലോസ്യ ലേഖനത്തിൽ നമ്മൾ വായിക്കുന്നു: തലമുറകളായി മറഞ്ഞു കിടന്ന ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുന്നു എന്നുള്ളതാണ് എന്ന്. ഇത് എങ്ങനെയാണ് എന്റെ വായിലും എന്റെ ഹൃദയത്തിലും ഇരിക്കുന്നത്. അതാണ് അടുത്ത വാക്യങ്ങളിൽ നാം മനസ്സിലാക്കുന്നത്. യേശുക്രിസ്തു എന്റെ കർത്താവാണ് എന്നതാണ് എന്റെ വായിൽ ഉള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ. അപ്പോൾ വായിലിരിക്കുന്നത് ഒരു ഏറ്റു പറച്ചിലാണ്. യേശുവാണ് എന്റെ കർത്താവ് എന്നുള്ളതാണ് ഏറ്റുപറച്ചിൽ.

ഹൃദയത്തിൽ ഇരിക്കുന്നതോ, ദൈവം യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ചു എന്നുള്ളതാണ്, നമ്മുടെ ഹൃദയത്തിനകത്ത് വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന സത്യം. ●



**ജോർജ് മാത്യു, പുതുപ്പള്ളി**

# കാലാന്തരത്തിൽ സംഭവിച്ച മൂല്യശോഷണം

***യഹോവേ, ഞങ്ങൾ മടങ്ങി വരേണ്ടതിനു ഞങ്ങളെ നിങ്കലേക്കു മടക്കി വരുത്തേണമേ: ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ (വിലാപങ്ങൾ 5:21).***

ആദിമ ക്രൈസ്തവസഭയിലെ ആത്മീയാനുഭവങ്ങളുടെ ഒരു പുനരാവിഷ്ക്കാരമായിട്ടാണ് കേരളത്തിൽ വേർപെട്ട സഭകൾ രൂപം കൊണ്ടത്. ദൈവവചനത്തോടുള്ള ശക്തമായ ആഭിമുഖ്യം പാരമ്പര്യ അനുഷ്ഠാനങ്ങളെയും ആചാരങ്ങളെയും വിട്ടൊഴിയുവാൻ അനേകരെ നിർബന്ധിതരാക്കി. കഷ്ടതയും അപമാനവും മുൻകണ്ടുകൊണ്ടുതന്നെ സന്തോഷപൂർവം അവർ സമുദായസഭകളെ ഉപേക്ഷിച്ചിറങ്ങി. ആദിമസഭയുടെ 'പങ്കിടീൽ രീതി' (Sharing Habit) അവർ പ്രായോഗികമാക്കി. (പ്രവർത്തികൾ 2:44–47). ഉള്ളവനും ഇല്ലാത്തവനും എന്ന ചേരിതിരിവ് അവരിൽ ഉണ്ടായിരുന്നില്ല. പെട്രോമാക്സും തമ്പേറും പുൽപ്പായും തലയിലേറ്റി കയ്യിൽ ചൂട്ടുകറ്റ മിന്നിച്ച് ദീർഘദൂരം കാൽനടയാത്ര ചെയ്ത് സുവിശേഷവേല ചെയ്യാൻ അവർ ഉത്സുകരായിരുന്നു. ഒരു പാത്രത്തിൽ നിന്നും ഭക്ഷിച്ച് ഒരു പായയിലിരുന്ന് ആരാധിക്കുവാൻ അവർക്കു യാതൊരു വൈഷമ്യവുമില്ലായിരുന്നു. ക്രിസ്തുവിനുവേണ്ടി നിന്ദയും അപമാനവും സഹിക്കുന്നതിൽ അവർ ആഹ്ലാദം കണ്ടെത്തിയിരുന്നു.

ഓലമേഞ്ഞ ചെറിയ ഷെഡ്ഡുകളായിരുന്നു അവരുടെ ആരാധനാലയങ്ങൾ. ചാണകം കൊണ്ടു മെഴുകിയ തറയിൽ, കീറിയ പുൽപ്പായ വിരിച്ച്, പൊട്ടൽ വീണ തമ്പേറ് ആഞ്ഞുകൊട്ടി ലജ്ജ കൂടാതെ അവർ ദൈവത്തെ സ്തുതിച്ചു. വിശ്വാസജീവിതത്തിലെ അമ്പരപ്പിക്കുന്ന അനുഭവങ്ങളായിരുന്നു അവരുടെ സാക്ഷ്യപ്രസ്താവനകൾ. സമയപരിധിയോ പരിമിതിയോ കൂടാതെ അവർ ആരാധിച്ചു. പലപ്പോഴും സുവിശേഷയോഗങ്ങൾ അവസാനിച്ചിരുന്നത് നേരം പുലരുമ്പോഴായിരുന്നു. വിശ്വാസികൾ തമ്മിൽ ദൈവികസ്നേഹത്താൽ ബന്ധിക്കപ്പെട്ടിരുന്നു. എത്ര തി

**ഉള്ളവനും ഇല്ലാത്തവനും എന്ന ചേരിതിരിവ് അവരിൽ ഉണ്ടായിരുന്നില്ല. പെട്രോമാക്സും തമ്പേറും പുൽപ്പായയും തലയിലേറ്റി കയ്യിൽ ചൂട്ടുകറ്റ മിന്നിച്ച് ദീർഘദൂരം കാൽനട യാത്ര ചെയ്ത് സുവിശേഷവേല ചെയ്യാൻ അവർ ഉത്സുകരായിരുന്നു**

രക്കിനിടയിൽ കണ്ടാലും ഹസ്തദാനം നടത്തിയും സ്നേഹചുംബനം നൽകിയും കുശലമന്വേഷിച്ചും അവർ ദൈവസ്നേഹം പ്രകടിപ്പിക്കുമായിരുന്നു. രോഗികൾക്കുവേണ്ടി എത്ര സമയം പ്രാർത്ഥിക്കുവാനും ഉപവസിക്കുവാനും അവർ മടിച്ചിരുന്നില്ല. കൺവൻഷൻ യോഗങ്ങൾ അനുതാപത്തിന്റെയും പൊട്ടിക്കരച്ചിലിന്റെയും സമർപ്പണശുശ്രൂഷയുടെയും വേദികളായിരുന്നു. മഴവെള്ളപ്പാച്ചിൽ പോലെ രോഗശാന്തി ശക്തമായിരുന്നു. ശകാരിക്കുന്നവനെ നോക്കി പുഞ്ചിരിക്കുവാനും പീഡിപ്പിക്കുന്നവനുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിക്കുവാനുമുള്ള സന്മനസ് അവർ സ്വായത്തമാക്കിയിരുന്നു. കർത്താവിനുവേണ്ടി സഹിച്ച കഷ്ടപ്പാടുകൾക്കും ഉപദ്രവങ്ങൾക്കുമുള്ള പ്രതിഫലമായിരിക്കാം അവരുടെ തലമുറകൾ ഭൗതികമായി അനുഗ്രഹിക്കപ്പെടുവാൻ കാരണമായത്.

തലമുറ ഭൗതികമായി അനുഗ്രഹിക്കപ്പെട്ടതോടുകൂടി ആത്മീയ നിലവാരത്തിനും സാരമായ വ്യതിയാനം സംഭവിച്ചു. ഓലമേഞ്ഞ സഭാഷെഡ്ഡുകളുടെ സ്ഥാനത്ത് വമ്പൻ മന്ദിരങ്ങൾ സ്ഥാനം പിടിച്ചു. തമ്പേറും പുൽപ്പായയും മിക്കവാറും സഭാഹോളുകളിൽ നിന്നും അപ്രത്യക്ഷമായി. തിരുവത്താഴവേളയിൽ ഒരേ പാത്രത്തിൽ നിന്നും വീഞ്ഞു കുടിച്ചിരുന്നവർ അതിനായി പ്രത്യേകം പാത്രങ്ങൾ തയാറാക്കി. ഹസ്തദാനവും സ്നേഹചുംബനവും ആത്മാർത്ഥതയില്ലാത്ത വെറും ചടങ്ങായി അധ:പ്പതിച്ചു. ഉയർന്ന ആത്മീയചിന്തയുടെയും ലളിത ജീവിതത്തിന്റെയും സ്ഥാനം അനാത്മിക ചിന്തയും ആഡംബരജീവിതവും അപഹരിച്ചു. 'ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി' എന്ന ആപ്തവാക്യം 'എണ്ണാനും എടുക്കാനും ഉണ്ടെങ്കിലേ മതിയാകൂ' എന്നായി മാറ്റപ്പെട്ടു. 'എന്തു കഴിക്കും' എന്നു ഭാരപ്പെട്ടിരുന്നവർ 'ഏതു കഴിക്കണം' എന്ന ധർമസങ്കടത്തിലായി. ദൂരെവച്ചു കാണുമ്പോൾ 'പ്രെയ്സ് ദ് ലോർഡ്' പറഞ്ഞു ഓടിയടുത്തിരുന്നവർ അകലെ വച്ചു തന്നെ എങ്ങനെ ഒഴിഞ്ഞു മാറണം എന്ന് ആലോചിക്കുവാൻ തുടങ്ങി. കുലീനനും ധനവാനും ബലവാനും ഇടിച്ചു കയറുന്നവനും കയ്യൂക്കുള്ളവനും രാഷ്ട്രീയ സ്വാധീനമുള്ളവനും സഭകളിൽ തങ്ങളുടെ സ്ഥാനം ഉറപ്പിച്ചു. പലപ്പോഴും അവരുടെ ആജ്ഞകൾക്കു മുമ്പിൽ ദൈവദാസന്മാർ പോലും ചട്ടുകങ്ങളായി വർത്തിക്കപ്പെട്ടു. ദു:ഖവും ഭാരവും പരിഹരിക്കുവാൻ സഭയിലെത്തുന്നവർ അതിലേറെ മന:പ്രയാസത്തോടും നിരാശയോടും കൂടെ മടങ്ങുന്നവരായി പരിണമിച്ചു.

ഐക്യതയുടെയും സൗമ്യതയുടെയും സ്ഥാനത്ത് ശബ്ദകോലാഹലങ്ങളും അഭിപ്രായ ഭിന്നതകളും കയറിപ്പറ്റി. സ്വർണ്ണമെന്ന മഞ്ഞവസ്തു ഒഴികെ മറ്റെല്ലാ ആഡംബരങ്ങളും വിശ്വാസികൾക്ക് അനുവദനീയമാണ് എന്ന രഹസ്യചിന്ത പലരിലും രൂഢമൂലമായി. വിദേശരാജ്യങ്ങളിൽ നിന്ന് ഏതുവിധേനയും സ്വർണ്ണം കൊണ്ടുവരികയും അത് ലോക്കറിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിൽ പലരും സംതൃപ്തി കണ്ടെത്തി. കല്യാണവേദികൾ ഉത്സവശാലകൾ പോലെ രൂപാന്തരപ്പെട്ടു. ശുഭ്രവസ്ത്രങ്ങളുടെയും ശാലീന സൗന്ദര്യത്തിന്റെയും സ്ഥാനത്ത് നിറപ്പകിട്ടാർന്ന തുണിത്തരങ്ങളും കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യദായക വസ്തുക്കളും നിറഞ്ഞുനിന്നു. ബ്യൂട്ടി പാർലറുകളിൽ നിന്നും നവദമ്പതികൾ ഓഡിറ്റോറിയങ്ങളിലേക്ക് ഒഴുകി നീങ്ങി. സാരിമാറ്റലും കേക്കുമുറിയും ഇളനീർ പങ്കിടലും പുഷ്പവൃഷ്ടിയും കല്യാണസദ്യകളിൽ നിത്യ സംഭവങ്ങളായി.

പ്രമുഖ കൺവൻഷൻ വേദികളും ആരാധാനാലയങ്ങളും ഉത്ഘാടനം ചെയ്യുവാൻ നിരീശ്വരവാദികളും വിജാതീയരുമായ രാഷ്ട്രീയനേതാക്കളെ ക്ഷണിക്കുന്നു. വേർപെട്ട സമൂഹത്തിനും എംഎൽഎ മാരും എംപി മാരും സ്വന്തമായ രാഷ്ട്രീയ പാർട്ടികളും വരെ വേണമെന്ന ചിന്ത പലരിലും ഉയർന്നു വരുന്നു. ഭൗതികമായ ഒരു കാര്യത്തിലും മറ്റാരുടെയും പിന്നിലാകരുത് എന്ന ആഗ്രഹം ലോകത്തെ വിട്ടോടിയവരുടെ ഹൃദയങ്ങളിൽ മുളച്ചുപൊന്തി. നിരപ്പു പ്രാപിക്കാതെ ഒരുമിച്ചിരുന്ന് ആരാധിക്കുവാനും കർത്തൃമേശയെടുക്കുവാനും പലർക്കും മടിയില്ല. എതിരാളിയായ വിശ്വാസിയുടെ നാശമാഗ്രഹിക്കാനും അവന്റെ വീഴ്ചയിൽ സന്തോഷിക്കുവാനും ചിലർക്കെങ്കിലും മടിയില്ല. കാലം വരുത്തിവച്ച മൂല്യശോഷണം ഇങ്ങനെ നീണ്ടുനീണ്ടു പോകുന്നു.


പൗരോഹിത്യസഭകളിൽ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകമായ 'കയ്യസ്തൂരി' കയ്യിൽ വാങ്ങിയിട്ട് അടുത്തു നിൽക്കുന്ന ശത്രുവിനു കൊടുക്കാതെ മറ്റുള്ളവർക്കു നൽകുന്നവർ കണ്ടേക്കാം. വേർപെട്ട സഭകളിൽ സ്നേഹചുംബനം നൽകുമ്പോൾ 'പല്ലിറുമ്മുന്ന' ശബ്ദം കേൾക്കുന്നുണ്ടെങ്കിൽ ഇരുവരും തമ്മിലുള്ള വ്യത്യാസം എന്താണ്? 'എന്റെ ഹൃദയം നിന്റെ ഹൃദയത്തോടു ചേർന്നിരിക്കുന്നതുപോലെ നിന്റെ ഹൃദയം പരമാർത്ഥമായിരിക്കുന്നുവെങ്കിൽ തനിക്കു കൈതരുവാൻ' യേഹൂ, യോനാദാബിനോടു പറയുമ്പോൾ 'അതെ'

എന്നു പറഞ്ഞുകൊണ്ട് യോനാദാബ് ഹസ്തദാനം നടത്തി (2 രാജാക്കന്മാർ 10 : 15). ഇക്കാര്യത്തിൽ നമുക്കും ഇതൊരു മാതൃകയായിരിക്കട്ടെ.

ദൈവത്തെ സ്നേഹിക്കുകയും കൂട്ടുവിശ്വസിയെ വെറുക്കുകയും ചെയ്യുന്ന 'സത്യക്രിസ്ത്യാനികളുടെ' എണ്ണം ആത്മീയമേഖലയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവോ? മനുഷ്യനെ സ്നേഹിക്കുകയും ദൈവത്തെ നിഷേധിക്കുകയും ചെയ്യുന്ന നിരീശ്വരവാദികളെപ്പോലെ തന്നെ അപൂർണ്ണരാണ് ഇക്കൂട്ടരും. യേശുകർത്താവ് മാതൃക കാട്ടിത്തന്ന അഗപ്പേ സ്നേഹം സമസൃഷ്ടങ്ങളോടുള്ള ഇടപെടലുകളിൽ വെളിപ്പെടുത്തി ആത്മികയാത്രയിൽ മുന്നോട്ടു നീങ്ങുന്നവനാണ് യഥാർത്ഥ ആത്മീയൻ. ഇതിനു ക്രിസ്തു നമ്മിൽ വസിക്കേണ്ടത് അനിവാര്യമാണ്.

വൈദികസെമിനാരി ജീവിതത്തിൽ, തന്നെ കഠിനമായി ഉപദ്രവിച്ച സഹപാഠിക്കായി ഏകാന്തതയിൽ കണ്ണീരൊഴുക്കി പ്രാർത്ഥിച്ച സാധു സുന്ദർ സിംഗ് അയാളെ യഥാർത്ഥ മാനസാന്തരത്തിലേക്കു നയിച്ചു. ശത്രുവിനെ സ്നേഹിക്കുകയെന്നുള്ളതാണ് അവനെ മിത്രമാക്കുവാനുള്ള ഏക മാർഗം. സ്വന്തം ജീവിതത്തിലൂടെ യേശുകർത്താവ് കാണിച്ചുതന്നതും അതാണ്. ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കായി പ്രാർത്ഥിച്ചപ്പോഴാണ് ദൈവം അവന്റെ സ്ഥിതിക്ക് ഭേദം വരുത്തിയത് (ഇയ്യോബ് 42 :10). വ്യസനിപ്പിക്കുന്ന ആശ്വാസകരായ തന്റെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോഴാണ് ഇയ്യോബിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചത്. മനുഷ്യസ്നേഹവും ഏകമനസും കൂടാതെയുള്ള എല്ലാ പ്രയത്നവും ആത്മീയമായി നിഷ്ഫലമാണ്.

സ്നേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാനെക്കുറിച്ച് ഒരു പാരമ്പര്യ കഥയുണ്ട്. വൃദ്ധനായ യോഹന്നാനെ ശിഷ്യന്മാർ പിടിച്ചിരുത്തി ഉപദേശം കേൾക്കുമ്പോഴെല്ലാം അദ്ദേഹം സ്നേഹത്തെക്കുറിച്ചു മാത്രമേ പറയുമായിരുന്നുള്ളൂ. 'സ്നേഹത്തെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അങ്ങേയ്ക്കു പറയുവാനില്ലേ' എന്നു ചോദിച്ചാൽ അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരിക്കും: 'കുഞ്ഞുങ്ങളേ, നിങ്ങൾ അന്യോന്യം സ്നേഹിക്കുമെങ്കിൽ അതിൽ ഉപദേശം മുഴുവൻ വന്നു കഴിഞ്ഞു'. ആദിമ ക്രൈസ്തവസഭ പടർന്നു പന്തലിച്ചതിന്റെ പ്രധാന കാരണം ഏകമനസോടെയുള്ള അവരുടെ കൂട്ടായ്മയായിരുന്നു. ക്രൈസ്തവ സഭകളിൽ ഇന്നു നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ആദ്യസ്നേഹത്തിലേക്കു വിശ്വാസികൾ മടങ്ങി വന്നില്ലെങ്കിൽ അത് ആത്മീയ ഭ്രംശത്തിനും വിശ്വാസത്യാഗത്തിനും കാരണമാകുവാൻ ഇടയുണ്ട്. പ്രവാചകനായ യിരെമ്യാവിനോടു ചേർന്ന് നമുക്കും നിലവിളിക്കാം:'യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിനു ഞങ്ങളെ നിങ്കലേക്കു മടക്കി വരുത്തേണമേ. ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ' (വിലാപങ്ങൾ 5 : 21). ●



**ഉള്ളിൽ വെളിച്ചമുള്ള**
**ഒരു ഭക്തന്റെ ചുറ്റിലും**
**ആ പ്രകാശത്തിന്റെ ഒരു വലയം ഉണ്ടായിരിക്കും.**
**എന്നാൽ പാപത്തോടു സന്ധി ചെയ്താൽ**
**ആ വെളിച്ചം ഇരുട്ടാകും.**
**ഇരുട്ടിൽ വ്യാപരിച്ചു പ്രവർത്തിക്കാനുള്ള**
**അധികാരം സാത്താനു നൽകപ്പെട്ടിട്ടുണ്ട്.**
**അത് ഒരു വിശ്വാസിയുടെ ഹൃദയം ആണെങ്കിൽക്കൂടി....**
**അതു സാത്താന്റെ വിഹാരകേന്ദ്രമായിരിക്കും....**



വർക്കി വർഗീസ്

# എന്നെ ആരെങ്കിലും ഒന്ന് കേട്ടിരുന്നെങ്കിൽ

പുറമെ സന്തുഷ്ടരെന്നു തോന്നിയാൽ പോലും പുകയുന്ന അഗ്നിപർവ്വതസാമാനം നീറി നീറി ജീവിക്കുന്ന ആളുകൾ നമ്മുടെ ചുറ്റിലും സമൂഹത്തിലും സ്നേഹിതർക്കിടയിലും കുറേപ്പേരുണ്ട്. ജൂലൈ മാസത്തിലെ മനോരമ പത്രത്തിൽ പതിന്നാലു വയസ്സുള്ള ഒരു പെൺകുട്ടി, ഗർഭാവസ്ഥയിൽ 24 ആഴ്ചകൾ (6 മാസം) പിന്നിട്ടിരുന്നതിനാൽ, ഗർഭഛിദ്രത്തിന് അനുവാദം തേടി ഹൈക്കോടതിയിൽ എത്തിയിരുന്നു. ഇവിടെ വിവാഹപ്രായം ആകാത്ത ഒരു പെൺകുട്ടി കൗമാരപ്രായത്തിൽ ഗർഭിണിയായി എന്നത് സമൂഹ മനസാക്ഷിയെ പിടിച്ചു കുലുക്കുന്ന ഒരു സംഭവം തന്നെയായിരുന്നു. ആരെങ്കിലും ഏതു പ്രായത്തിലാണെങ്കിലും ഗർഭഛിദ്രം കൊലപാതകം തന്നെയാണ്. അതിനാൽ പാപവുമാണ്. വിവേകത്തോടെ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കി ജീവിതത്തെ വിശുദ്ധിയിൽ സൂക്ഷിക്കേണ്ടതാണ്. ഗർഭിണിയായ സാഹചര്യവും പശ്ചാത്തലവും വ്യക്തമല്ലെങ്കിലും അവൾ കടന്നു പൊയ്ക്കൊണ്ടിരുന്ന ദുരവസ്ഥ തക്കസമയത്തു തുറന്നു പറയുവാനുള്ള ഒരു ആത്മബന്ധം തന്റെ മാതാവിനോടു പോലും ഉണ്ടായിരുന്നില്ല എന്ന് വേണം കരുതുവാൻ. അതേ സമയം നീറിപ്പുകയുന്ന തന്റെ മനോനില തുറന്നു പറയുവാൻ വിശ്വസ്തയായ ഒരു അടുപ്പക്കാരിയും സുഹൃത് വലയത്തിൽ ഉണ്ടായിരുന്നില്ല എന്നതും ഗുരുതരമായ ഒരു മനോനില തന്നെയാണ്.

ഗർഭിണിയാകുവാൻ ശാരീരിക വളർച്ച മാത്രമല്ല, മാനസികവളർച്ചയും അനിവാര്യമാണ്. അതായതു ആരോഗ്യമുള്ള ഒരു ശരീരവും, പക്വമായി ചിന്തിച്ചു തീരുമാനമെടുക്കുവാൻ പാകമായ മനസ്സും, സർവോപരി കുടുംബജീവിത

**ഏതു പ്രായത്തിലാണെങ്കിലും ഗർഭഛിദ്രം കൊലപാതകം തന്നെയാണ്. പാപവുമാണ്. വിവേകത്തോടെ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കി ജീവിതത്തെ വിശുദ്ധിയിൽ സൂക്ഷിക്കേണ്ടതാണ്.**

ത്തിലേക്കു പ്രവേശിക്കുവാൻ നിഷ്ക്കർഷിക്കുന്ന പ്രായവും അവൾക്കുണ്ടായിരിക്കണം. മാത്രമല്ല സാമൂഹിക സാംസ്ക്കാരിക മര്യാദ അനുസരിച്ചു വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച വ്യക്തിയും ആയിരിക്കണം. നിർഭാഗ്യവശാൽ ഈ യോഗ്യതകളൊന്നും ആ പെൺകുട്ടിക്ക് ഉണ്ടായിരുന്നില്ല എന്നത് വ്യക്തം. പുറമെ കണ്ടാൽ  മനസിലാകത്തക്ക നിലയിൽ ഗർഭസ്ഥ ശിശു  വളർന്നതിനു ശേഷമാണു ഉത്തരവാദപ്പെട്ടവർ പോലും ഇക്കാര്യം മനസ്സിലാക്കുന്നത്. അതിന്റെ അർഥം, മാനഹാനി ഭയന്നോ, താൻ ശിക്ഷിക്കപ്പെട്ടേക്കും എന്ന് ഭയന്നോ, ഏറ്റവും അടുത്തവരോട് പോലും  അവൾ ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയിരുന്നില്ല എന്ന് സ്പഷ്ടം.

ഒരു പക്ഷെ, കലുഷിതമായ ഒരു കുടുംബാന്തരീക്ഷം ആയിരുന്നിരിക്കാം അവളുടേത്. തന്നെ സ്നേഹിക്കുന്നവരും കരുതുന്നവരും ചേർത്ത് പിടിക്കുന്നവരുമായി  ആരെയും അവളുടെ അതുവരെയുള്ള ജീവിതത്തിൽ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല എന്നത് ഗുരുതരമായ ഒരു വീഴ്ചയാണ്. ഇതിനു കാരണക്കാർ അവളുടെ സ്വന്ത കുടുംബാംഗങ്ങളും സമൂഹത്തിലെ മുതിർന്നവരും അധ്യാപകരും അതുവരെ മാർഗ്ഗദർശനം നൽകിയ എല്ലാവരുമാണ്. ചില സുപ്രധാന മുന്നറിയിപ്പുകൾ ഇതിൽ നാം കാണുന്നുണ്ട്. സ്നേഹിക്കുന്നവരും വിശ്വസ്തരും പക്വമതികളായവരും അവളുടെ ഏറ്റവുമടുത്ത സുഹൃത്ബന്ധത്തിൽ ഉണ്ടായിരുന്നുവെങ്കിൽ, അവളെ കേൾക്കുവാനും തക്കസമയത്തു പരിഹാര മാർഗ്ഗം നിർദ്ദേശിക്കുവാനും, വലിയ ഭവിഷ്യത്തില്ലാത്തഒരു നീക്കുപോക്കു കാട്ടി, അങ്ങനെ ഒരു വലിയ മാർഗ്ഗദർശനം അവൾക്കു  നൽകുവാനും സാധിക്കുമായിരുന്നു. ഗർഭാ വസ്ഥ പൂർണ്ണമാകുന്നത് വരെ കാത്തിരിക്കുകയും മാസം തികഞ്ഞതിനു ശേഷം  പ്രസവിക്കുകയും, കുഞ്ഞിനെ വളർത്താൻ താല്പര്യമില്ലെങ്കിൽ ആഗ്രഹ ത്തോടെ ഒരു കുഞ്ഞിനായി കാത്തിരിക്കുന്ന ഏതെങ്കിലും ദമ്പതികൾക്ക് നിയമവഴിയിലൂടെ തന്നെ ദത്തു നൽകിക്കൊണ്ട് വലിയ ഭവിഷ്യത്തി ല്ലാതെ ഈ പ്രശ്നം പരിഹരിക്കാമായിരുന്നു.


പരസ്പരം തുറന്നു പറയുന്ന മാതാപിതാക്കളെയും, എല്ലാവരും ചേർന്നിരുന്നു കുടുബവിശേഷങ്ങളും പ്രശ്നങ്ങളും പങ്കുവയ്ക്കുന്ന മാതൃകയും, കണ്ടു അവൾ വളർന്നിരുന്നു എങ്കിൽ  ഈ ചതിക്കുഴിയിൽ  അകപ്പെടുകയില്ലായിരുന്നു. ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുന്നതും, സ്നേഹം പങ്കിടുന്നതും, കുടുംബാന്തരീക്ഷത്തെ ആരോഗ്യമുള്ളതാക്കി മാറ്റും. ഈ കുടുംബത്തിൽ ആ പെൺകുട്ടിക്ക് ഇതനുഭവിക്കുവാൻ കഴിഞ്ഞിരുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രലോഭനങ്ങളിലൂടെ ഒരു പക്ഷെ ഇവൾ ചതിക്കപ്പെട്ടതാകാം, അതല്ലെങ്കിൽ കാര്യങ്ങൾ അറിയുവാനുള്ള കൗമാരപ്രായത്തിലെ ജിജ്ഞാസ ആയിരുന്നിരിക്കാം ഈ ഗുരുതരമായ പ്രതിസന്ധിയിൽ അവളെ വീഴ്ത്തിയത്. ഇത്തരം സംഭവങ്ങൾ വർധിച്ചു വരുന്ന പശ്ചാത്തലത്തിൽ ലൈംഗിക അവബോധം നൽകുന്ന പാഠ്യപദ്ധതികൾ ചെറിയ ക്ലാസ്സുകൾ മുതൽ  പക്വമതികളായ അധ്യാപകർ കുഞ്ഞുങ്ങളെ സ്പഷ്ടമായി  പഠിപ്പിക്കുന്ന സംവിധാനം ഉണ്ടാകണം.  ഒരു പക്ഷെ, അതിലും പ്രയോജനപ്രദം സ്കൂളുകളിൽ കൗൺസലിംഗ് നൽകുവാൻ പ്രാപ്തരായവരെ നിയമിക്കുന്നതായിരിക്കും.

കേൾക്കുന്ന രഹസ്യസ്വഭാവമുള്ള ഇത്തരം കാര്യങ്ങൾ ആരുമറിയാതെ തങ്ങളുടെ ഹൃദയത്തിൽ സൂക്ഷിപ്പാൻ വിശ്വസ്തരായ ആളുകൾ ഈ പശ്ചാത്തലത്തിൽ സാമൂഹത്തിൽ അനിവാര്യമായിരിക്കുന്നു. ഗുണത്തേക്കാൾ ദോഷം ആയി ഭവിക്കുമോ എന്ന ഭയം മൂലവും, കുടുംബത്തിന്റെ മാനം സംരക്ഷിക്കുവാനും ഒക്കെയായി കാര്യങ്ങൾ തുറന്നു പറയുവാൻ പലരും മടിക്കുന്നു. ഏതെങ്കിലും ഒരു വ്യക്തിയോട് മാത്രമല്ലാതെ ഒരു കൂട്ടമാളുകളോട് ഇത്തരം തുറന്നു പറച്ചിൽ പാടുള്ളതുമല്ല.

ധാർമ്മിക മൂല്യങ്ങൾ പകർന്നു നൽകുന്ന ധാരാളം പ്രബോധനങ്ങൾ തിരുവെഴുത്തിലുണ്ട്. കുഞ്ഞുങ്ങൾ മനസ്സിലാക്കുവാൻ പ്രാപ്തരാകുന്നതിനനുസരിച്ചു അവർക്കു ജീവിത യാഥാർഥ്യങ്ങൾ പറഞ്ഞു കൊടുത്ത്, ഉത്തമ കാഴ്ചപ്പാടുള്ള സ്വർഗ്ഗീയ പൗരന്മാരാക്കി അവരെ അഭ്യസിപ്പിക്കുന്നതിൽ മാതാവും പിതാവും കുടുംബത്തിലെ മറ്റു മുതിർന്നവരും ശ്രദ്ധാലുക്കളായിരിക്കണം. ഇക്കാര്യത്തിൽ സഭയ്ക്കും ഒരു വലിയ ഉത്തരവാദിത്വം തന്നെയാണുള്ളത്.

പാപാന്ധകാരത്തിൽ അലഞ്ഞു ഴലുന്നവർക്ക് ലോകത്തിന്റെ വെളിച്ചമാകുന്ന ക്രിസ്തുവിനെ സ്വജീവിതത്തിലൂടെ പ്രതിഫലി പ്പിക്കാനും ലോകത്തിന്റെ ഉപ്പായി സമസൃഷ്ടങ്ങളെ പരിരക്ഷിക്കാനും നമ്മെ സമർപ്പിക്കാം. ഇതിൽ  ഉദാസീനത കാണിച്ചാൽ, വരും തലമുറയെ ഓർത്തു കണ്ണുനീരൊഴുക്കേണ്ടുന്ന ദുർഗ്ഗതി ആയിരിക്കും വന്നുചേരുക.

●



**ബില്ലിഗ്രഹാം**

# സഭയ്ക്കുള്ളിലെ സഭ

ഇന്ന് കാണുന്ന ദൃശ്യമായ സഭയ്ക്കുള്ളിൽ അദൃശ്യമായ ഒരു സഭയുണ്ട്. അദൃശ്യസഭ ക്രിസ്തു കേന്ദ്രീകൃത ജീവിതം നയിക്കുന്നവരും, ജീവിതം കൊണ്ട് ക്രിസ്തുവിനെ വെളിപ്പെടുത്തുന്ന ക്രിസ്തുവിൻ പത്രങ്ങളുമാണ്. ജീവിതത്തിൽ മറ്റെന്തിനേക്കാളും ഏതിനേക്കാളും ആരെക്കാളും അവർ പ്രാമുഖ്യം നൽകുന്നത് ക്രിസ്തുവിനും താനരുളിച്ചെയ്ത തിരുവെഴുത്തുകൾക്കുമാണ്. സാമാന്യം വലിയ ഒരു സഭയുടെ പാസ്റ്ററാകാൻ വിളിക്കപ്പെട്ട ഒരു സുഹൃത്ത് എനിക്കുണ്ട്. തന്റെ പുതിയ ഉത്തരവാദിത്തം എങ്ങനെ നിറവേറ്റുന്നുവെന്നു ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ, ഞാൻ ഇതുവരെ ആ അദൃശ്യസഭ കണ്ടെത്തിയില്ല. ഒരു വർഷത്തിനുള്ളിൽ അത് കണ്ടെത്തുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്.

സഭയ്ക്കുള്ളിൽ ഒരു സഭയുണ്ടെന്ന് മിക്കവാറും എല്ലാ ശുശ്രൂഷകരും സമ്മതിക്കും. അദൃശ്യസഭ പലപ്പോഴും ഒരു ന്യൂനപക്ഷം ആയിരിക്കും. മിക്കവാറും എല്ലാ സഭകളിലും ക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടുകയും ക്രിസ്തുവിനൊപ്പം നടക്കുകയും ചെയ്യുന്നവരുണ്ട്. ചർച്ച് എന്ന വാക്ക് എക്ലീസിയ എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് വന്നത്. ഇതിന്റെ അർത്ഥം 'വിളിച്ചു വേർതിരിക്കുക' എന്നർത്ഥമുള്ള ഒരു ക്രിയയിൽ നിന്നാണ്. പെന്തക്കോസ്ത് മുതൽ ക്രിസ്തുവിൽ ഒന്നിച്ചിരിക്കുന്ന എല്ലാ യഥാർത്ഥ വിശ്വാസികളും ചേർന്നതാണ് സഭ. നാം ക്രിസ്തുവിന്റെ ശരീരമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു, യേശുകർത്താവു അതിന്റെ തലയാണ് (എഫേസ്യർ 1:22, 23). അതുപോലെ, യഥാർത്ഥ സഭ പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ വാസത്തിനുള്ള വിശുദ്ധ ആലയമായി പണിയപ്പെട്ടു കൊണ്ടിരിക്കുന്നു (എഫേസ്യർ 2:21).

അതുകൊണ്ട്, ക്രൈസ്തവലോകത്തിൽ ബൃഹത്തായ സങ്കീർണതകൾ, സംഘടനകൾ, സ്ഥാപനങ്ങൾ, അധികാര സംവിധാനങ്ങൾ എന്നിവ ഉണ്ടെങ്കിൽപ്പോലും ക്രിസ്തുവിന്റെ യഥാർത്ഥ ശരീരം നിലനിൽക്കുന്നു. അദൃശ്യസഭയിലെ അധികാര സംവിധാനം വചനാനുസരണം ആയിരിക്കുമ്പോൾ ദൃശ്യസഭയിൽ അത് ലൗകികമായിരിക്കും. ഈ അദൃശ്യസഭയിലെ അംഗങ്ങളെ മിക്കവാറും ദൈവത്തിന് മാത്രമേ അറിയൂ. കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ അവരുടെ പേരുകൾ എഴുതിയിട്ടുണ്ട് (വെളിപ്പാട് 21 :27) അവർ എല്ലാ വിഭാഗങ്ങളിലും ചിതറിക്കിടക്കുന്നു. ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉള്ളവർ മാത്രമല്ല അദൃശ്യസഭയിലെ അംഗങ്ങൾ. നരകത്തിന്റെ കവാടങ്ങൾ ഒരിക്കലും ജയിക്കില്ലെന്ന് ക്രിസ്തു വാഗ്ദാനം ചെയ്തത് സഭയ്ക്കുള്ളിലെ ഈ സഭയെക്കുറിച്ചാണ് (മത്തായി 16:18).

**ആത്മിക അനുഭവങ്ങളിലേക്ക് ഇന്നത്തെ സഭയെ മടക്കിക്കൊണ്ടുവരുവൻ:**

***ഒന്നാമതായി,*** സഭയെ വചനാനുസരണം യഥാസ്ഥാനപ്പെടുത്തേണ്ടതുണ്ട്. അതിനു സഭയെ നന്നായി വചനം പഠിപ്പിച്ചേ തീരൂ. നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കയാൽ തെറ്റിപ്പോകുന്നു എന്ന് കർത്താവരുളിച്ചെയ്ത വചനത്തിന്റെ ആഴം ലക്ഷ്യമാക്കി ആത്മികയാത്രയിൽ മുന്നേറണം. നമ്മുടെ തലമുറയിൽ പല സഭകളും തിരുവെഴുത്തു അവരുടെ സൗകര്യാർത്ഥം വളച്ചൊടിക്കുന്നു. തിരുവെഴുത്തുകളുടെ ആധികാരികത തന്നെ നിരാകരിക്കപ്പെടുന്നു. അങ്ങനെ സഭ, ചുക്കാനും ദിശാബോധവും നഷ്ടപ്പെട്ട കടലിലെ ഒരു കപ്പൽ പോലെ ആടിയുലയുകയാണ്. കനത്ത

കാലാവസ്ഥയിൽ ടവറുമായുള്ള റേഡിയോ ബന്ധം നഷ്ടപ്പെട്ട ഒരു വിമാനം പോലെയാണ് ഇന്നത്തെ സഭ.

***രണ്ടാമതായി,*** സഭയിലെ ഓരോ അംഗവും യഥാർത്ഥ ശിഷ്യത്വത്തിൽ ക്രിസ്തുവിനെ അനുഗമിക്കണം. അങ്ങനെ അനുഗമിക്കുന്നവരെ ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം... എന്നിവയാൽ ആണ് തിരിച്ചറിയുന്നത് (മത്തായി 7:20). ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവരുടെ പ്രതികരണം ലൗകിക സംവിധാനങ്ങൾക്കൊത്തവണ്ണം ആയിരിക്കരുത്. പ്രതികരണം ലോകപ്രകാരം ആണെങ്കിൽ ആ വസ്തുത സൂചിപ്പിക്കുന്നത് അവർക്ക് ദൈവവുമായി ഒരു യഥാർത്ഥ കൂടിക്കാഴ്ച ഉണ്ടായിട്ടില്ല എന്നാണ്. ലോകമെമ്പാടും പ്രസംഗിക്കുകയും സഭയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്തതിന് ശേഷം, തിരുവെഴുത്തു അനുസരിക്കാതെ, വിവിധ കാരണങ്ങളാൽ കർത്താവുമായി ഒരു അയഞ്ഞ സമീപനത്തിൽ സംതൃപ്തരായി ജീവിക്കുന്ന വലിയൊരു കൂട്ടം ഉണ്ടെന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്. ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ വ്യക്തമായ അടയാളം 'അവർ യേശുവിനോടൊപ്പം ഉണ്ടായിരുന്നു (പ്രവൃത്തികൾ 4:13) എന്ന് ആളുകൾക്ക് പറയാനാകും എന്നതാണ്. ക്രിസ്തുവാകുന്ന ദിവ്യ പ്രകാശത്തിന്റെ തീപ്പൊരി ഉള്ളിൽ വസിക്കുന്നില്ല എന്നതിനാൽ, ഇന്ന് സഭയിലെ ഒരു വലിയ വിഭാഗം ലൗകികരായി സത്യമാർഗ്ഗം ദുഷിക്കപ്പെടുവാൻ കാരണക്കാരായിരിക്കുന്നു.

***മൂന്നാമതായി,*** പരിശുദ്ധാത്മാവിൽ നയിക്കപ്പെടേണ്ടതിന്റെ ആവശ്യകത സഭയ്ക്കു ബോധ്യപ്പെടേണ്ടതാണ്. പെന്തക്കോസ്തിന് മുമ്പ് ശിഷ്യന്മാർ ഒന്നുമായിരുന്നില്ല. അതിനു ശേഷമായിരുന്നു അവർ സകലത്തിനും പ്രാപ്തരായിത്തീർന്നത്. പ്രശസ്തരായ ക്രിസ്ത്യാനികളെക്കുറിച്ചു വായിക്കുമ്പോൾ, അവരുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് വിസ്മരിക്കുവാനാവില്ല. പണം, കെട്ടിടങ്ങൾ, സംഘടനകൾ, വിദ്യാഭ്യാസം, രീതികൾ എന്നിങ്ങനെ അധിനിവേശത്തിനുള്ള എല്ലാ ഉപകരണങ്ങളും ഇന്ന് സഭയിലുണ്ട്. എന്നാൽ ലോകത്തെ ശുദ്ധീകരിക്കുകയും, നിരാശാജനകമായ ലോകത്തിന് സമാധാനം കൊണ്ടുവരാൻ സഹായിക്കുകയും ചെയ്യുന്ന, ദൈവം നൽകിയ തീപ്പൊരി നമുക്കില്ല. ആ തീപ്പൊരി ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ വ്യക്തിപരമായ നിറവാണ്, നടത്തിപ്പാണ്. അതില്ലാതെ സഭയ്ക്ക് ആത്മീയശക്തിയില്ല.

**ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവരുടെ പ്രതികരണം ലൗകിക സംവിധാനങ്ങൾക്കൊത്തവണ്ണം ആയിരിക്കരുത്. പ്രതികരണം ലോകപ്രകാരം ആണെങ്കിൽ ആ വസ്തുത സൂചിപ്പിക്കുന്നത് അവർക്ക് ദൈവവുമായി ഒരു യഥാർത്ഥ കൂടിക്കാഴ്ച ഉണ്ടായിട്ടില്ല എന്നാണ്.**

***നാലാമതായി,*** സഭയെ കർത്താവിന്റെ കാൽച്ചുവടുകളിലേക്കു തിരികെ കൊണ്ടു വരേണ്ടതാണ്. അത് സ്വയം അച്ചടക്കത്തിലേക്കും, ത്യാഗജീവിതത്തിലേക്കും ക്രിസ്തുവിന്റെ ക്രൂശ് ഏറ്റെടുക്കാനുള്ള സന്നദ്ധതയിലേക്കും നയിക്കുന്നു. സഭ അപകടകരമായ ഒരു വിരോധാഭാസത്തിലേക്ക് വഴുതിപ്പോയിരിക്കുന്നു. ക്രിസ്ത്യാനി ലോകത്തിന്റെ തിന്മകളിൽ നിന്ന് വേർപെട്ട ഒരു ജീവിതം നയിക്കണമെന്ന് തിരുവെഴുത്ത് നിഷ്ക്കർഷിക്കുന്നു. സഭയ്ക്ക് പുറത്തുള്ളവർക്ക് ക്രിസ്ത്യാനിയും അല്ലാത്തവരും തമ്മിലുള്ള വളരെ ചെറിയ വ്യത്യാസംപോലും തിരിച്ചറിയാൻ കഴിയും.

***അഞ്ചാമതായി,*** സഭ ക്രിസ്തുകേന്ദ്രീകൃതമായ ജീവിതത്തിലേക്ക് മടങ്ങി വരേണ്ടത് അനിവാര്യമാണ്. ആദിമ ക്രിസ്ത്യാനികളുടെ എല്ലാ പ്രവൃത്തികളുടെയും വാക്കുകളുടെയും കേന്ദ്രബിന്ദു ക്രിസ്തുവായിരുന്നു. ഒരു ദൈവപൈതലിൽ മതിപ്പുളവാകാതെ അയാൾ നൽകിയ തിരുവെഴുത്തു, മറ്റൊരാൾക്ക് സ്വമനസ്സോടും സന്തോഷത്തോടും വായിക്കാൻ കഴിയില്ല. ഇന്ന് വചന വിരുദ്ധമായ ആചാര അനുഷ്ഠാനങ്ങളിലൂടെ ക്രിസ്തുവും തന്റെ ഉപദേശവും മറയ്ക്കപ്പെട്ടിരിക്കുന്നു. ജീവനുള്ളവനും വീണ്ടെടുക്കുന്നവനുമായ രക്ഷകനെ ആളുകൾ കാണുന്നതിന് ഇവ നീക്കം ചെയ്യേണ്ടതുണ്ട്.

***ആറാമതായി,*** ആദിമസഭയുടെ സന്തോഷത്തിലേക്കും പ്രത്യാശയിലേക്കും സഭ യഥാസ്ഥാനപ്പെടേണ്ടതുണ്ട്. നാം പാരമ്പര്യത്തിനും കുത്തഴിഞ്ഞ ജീവിതത്തിനും മരിച്ചവരാകണം. പെന്തെക്കോസ്ത് ദിനത്തിൽ, ക്രിസ്ത്യാനികൾ വളരെ ആവേശഭരിതരായി, അവർ മദ്യപിച്ചതായിപ്പോലും ആളുകൾ കരുതി (പ്രവർത്തികൾ 2:13, 15).

ഇന്ന് പൊത്തുവരുത്ത അനുഭവത്തിൽ പലരും തൃപ്തരാണ്. യേശുവും അപ്പോസ്തലന്മാരും പോകുന്നിടത്തെല്ലാം സമൂഹത്തിനു സന്തോഷവും പ്രത്യാശയും ഉണ്ടായിരുന്നു. ഈ ആദ്യ അനുഭവങ്ങൾ ഇന്നത്തെ സഭ വീണ്ടെടുക്കേണ്ടതുണ്ട്.

***ഏഴാമതായി,*** തിന്മകളെ നേരിടാൻ പ്രാപ്തമാക്കുന്ന ശരിയായ സാമൂഹിക കാഴ്ചപ്പാടിലേയ്ക്ക് വചന വെളിച്ചത്തിൽ സഭയെ നയിക്കണം. ആരോഗ്യമുള്ള സഭയ്ക്ക് മാത്രമേ കെണികളും കുടുക്കുകളും വിഷലിപ്തമായ അസാന്മർഗ്ഗീക ദൃശ്യങ്ങളും നിമിത്തം രോഗബാധിതമായ ലോകത്തെ സഹായിക്കാൻ കഴിയൂ. ഇന്നത്തെ മിക്ക സാമൂഹിക പ്രവർത്തനങ്ങളും കേവലമായ മാനവികത യല്ലാതെ മറ്റൊന്നുമല്ല. നാം രക്ഷിക്കപ്പെടുന്നതു വരെ ലോകത്തെ രക്ഷിക്കാൻ കഴിയില്ലെന്ന് എനിക്ക് ബോധ്യമുണ്ട്.

സഭയിലെ അംഗങ്ങളെന്ന നിലയിൽ ക്രിസ്തുവിന്റെ ശക്തിയാൽ രൂപാന്തരപ്പെടുന്നതുവരെ നമുക്ക് ലോകത്തെ മാറ്റാൻ കഴിയില്ല. ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെടുന്നതുവരെ നമുക്ക് സമൂഹത്തെ വീണ്ടെടുക്കാനാവില്ല. സഭയിൽ, സാമൂഹിക സാങ്കേതിക രാഷ്ട്രീയ സമ്മർദ്ദം, അക്രമാസക്തമായ വിപ്ലവം എന്നീ വഴികളിലൂടെ സുവിശേഷീകരണം ചെയ്യണമെന്ന് വിശ്വസിക്കുന്നവരുണ്ട്. കാര്യങ്ങൾ ചെയ്യാനുള്ള വഴി അതാണ് എന്ന് പറയുന്നവരുണ്ട്. എവിടെയും സാമൂഹികവും രാഷ്ട്രീയവുമായ മാറ്റം കൊണ്ടുവരാൻ സഭാസംഘടനകൾ, പിക്കറ്റിംഗ്, പ്രകടനങ്ങൾ, അക്രമത്തിനുള്ള ആഹ്വാനം എന്നിവയ്ക്ക് ഊന്നൽ നൽകുന്നത് ഇന്ന് കാണുന്നു. ഇത് വചന വിരുദ്ധവും പൂർണ്ണമായും ഒഴിവാക്കേണ്ടതുമാണ്. ക്രിസ്തുവിന്റെ മാതൃക മാത്രമാണ് അനുകരണീയം. മനപ്പരിവർത്തനം എന്നത് സഭയുടെ പ്രാഥമിക ദൗത്യമാണ്. അപ്പോൾ, 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' (മർക്കോസ് 12:31) എന്ന ക്രിസ്തീയ കൽപ്പനയ്ക്ക് അനുസൃതമായി ജീവിക്കാനുള്ള രൂപാന്തര അനുഭവം അവർക്കുണ്ടാകും.

ക്രിസ്ത്യാനികൾ എന്ന നിലയിൽ നമുക്ക് രണ്ട് ഉത്തരവാദിത്തങ്ങളുണ്ട്: ഒന്നാമതായി, മനുഷ്യരാശിയുടെ ആഴത്തിലുള്ള ആവശ്യങ്ങളുടെ ഏക ഉത്തരമായി ക്രിസ്തുവിന്റെ സുവിശേഷം പ്രഖ്യാപിക്കുക. രണ്ടാമതായി, ക്രിസ്തുവിന്റെ സുവിശേഷം പരിശുദ്ധാത്മാവിന്റെ ശക്തിയിലും അധികാരത്തിലും പ്രസംഗിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുക.

ചുറ്റുമുള്ള സാമൂഹിക അവസ്ഥകളിൽ ക്രിസ്തുവിന്റെ തത്വങ്ങൾ നാം പ്രായോഗികമാക്കുക. ലോകം ഈ വിശ്വാസത്തിനെതിരെ വാദിച്ചേക്കാം, പക്ഷേ രൂപാന്തരപ്പെട്ട ജീവിതത്തിനെതിരെ വാദിക്കാൻ ലോകത്തിലാർക്കും കഴിയില്ല!

●

# വായനക്കാരുടെ അംഗീകാരത്തിനായി

**ലോകം എമ്പാടുമുള്ള സാമ്പത്തിക പ്രതിസന്ധി നേർവീഥി മാസികാശുശ്രൂഷകളെയും ഒരു പരിധി വരെ ദോഷമായി ബാധിച്ചിരിക്കുന്നു. തന്മൂലം നാമും പ്രതിസന്ധിയിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. അങ്ങനെയിരിക്കെയാണ് മാസികയ്ക്കുപയോഗിക്കുന്ന പേപ്പറിന്റെ വില 2022 മാർച്ചു മുതൽ ക്രമാതീതമായി വർധിച്ചത്. ഈ പ്രതിസന്ധിയോടൊപ്പം പേപ്പറിന്റെ ദൗർലഭ്യം പ്രശ്നത്തിന്റെ ആക്കം വർധിപ്പിക്കുകയും ചെയ്തു. മാർച്ചു മുതൽ മാസികയുടെ പ്രിന്റിങ് ചാർജ് വർധിപ്പിച്ചിരുന്നു. അടിക്കടി വർധിച്ചു വരുന്ന സാമ്പത്തിക ബാധ്യതകൾ പരിഹരിക്കുവാൻ ഒരു ചെറിയ പരിധി വരെ വരിക്കാരും വായനക്കാരും സഹകരിച്ചു സഹായിക്കണം. ഇതുവരെ 200 രൂപയാണ് ഒരു വർഷത്തെ വരിസംഖ്യയായി വാങ്ങിയിരുന്നത്. 2017 നു ശേഷം വരിസംഖ്യ വർധിപ്പിച്ചിട്ടേയില്ല. എന്നാൽ 2022 ജൂലൈ മാസം മുതൽ 250 രൂപയായി വർധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. പലരും ദീർഘവർഷങ്ങളായി വരിസംഖ്യ പുതുക്കിയിട്ടുമില്ല. ഈ പശ്ചാത്തലത്തിൽ കുടിശിക ഉള്ളവർ അത് തീർക്കുകയും, പുതിയ വരിസംഖ്യ 250 രൂപ എന്ന് കണക്കാക്കി ഈ സദുദ്യമത്തെ സാമ്പത്തികമായി സഹായിച്ച് സഹകരിക്കുകയും ചെയ്യണമെന്നു വിനീതമായി അപേക്ഷിക്കുന്നു. പണമടയ്ക്കുന്നതിനുള്ള QR കോഡ് മാസികയുടെ 31 - ാം പേജിൽ കൊടുത്തിട്ടുള്ളത് ഉപയോഗിക്കുമല്ലോ.**

***എഡിറ്റോറിയൽ ബോർഡ്***



പി.വി. വർഗീസ്

# മരണഭയത്തിൽ നിന്നുള്ള മോചനം

***മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണ ഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രായർ 2: 14,15).***

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏതു തരത്തിലുള്ള തെറ്റ് സംഭവിച്ചാലും അതിന്റെ മൂലകാരണം തിരുവെഴുത്തുകളെയും ദൈവശക്തിയേയും അറിയാത്തതു കൊണ്ടാണെന്നു യേശുകർത്താവു വ്യക്തമായി പറഞ്ഞിട്ടുണ്ട് (മത്തായി 22: 29). ഇതിൽ നിന്നും മനസിലാക്കുവാൻ സാധിക്കുന്നത് മരണഭയം ഉണ്ടായാൽ അതിന്റെ കാരണം തിരുവെഴുത്തു അതിനെക്കുറിച്ചു എന്തുപറയുന്നു എന്നതിന്റെ അജ്ഞത തന്നെയാണ്.

മരണം ജീവിതത്തിന്റെ അവസാനമല്ല എന്നത് ഏതൊരു വിശ്വാസിയും മനസ്സിലാക്കേണ്ട ഒരു യാഥാർഥ്യമാണ്. മനുഷ്യന്റെ ആകെജീവിതത്തിലെ ഒരു വളരെ ചെറിയ ഘട്ടം മാത്രമാണ് മർത്യശരീരത്തിൽ ഇഹലോകത്തിലെ വാസം. മരണാനന്തരം ഉള്ള ജീവിതം ഒരിക്കലും അവസാനിക്കാത്ത നിത്യതയാണ്. നിത്യതയുടെ ഭാഗങ്ങളാണ് സ്വർഗ്ഗവും നരകവും. ഇഹലോകത്തിൽ വസിക്കുമ്പോൾ ഇതിലേതും തിരഞ്ഞെടുക്കുവാനുള്ള സ്വതന്ത്ര ഇച്ഛാശക്തി (Free will) ഉള്ളവരായിട്ടാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്. നാശത്തിലേക്കുപോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിലൂടെ കടക്കുന്നവർ അനേകരും ആകുന്നു. വിശാലവഴി എന്നതിന്റെ അർഥം, മനസ്സാഗ്രഹിക്കുന്ന എന്തും ആസ്വദിക്കുവാനുള്ള തീരുമാനമാണ്. ഈ വഴി മനുഷ്യന് നല്ലതെന്നു തോന്നിയാലും അതിന്റെ അവസാനം മരണവഴികളാണ്. അതായത് ആ യാത്ര നിത്യനരകത്തിൽ എത്തിക്കും എന്നർത്ഥം (മത്തായി 7 :13,14)

നിത്യജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളതാണ്. ചുരുക്കം പേർ മാത്രമാണ് ഇതു കണ്ടെത്തുന്നത്. അതായത് കർശനമായ നിയന്ത്രണങ്ങളും നിബന്ധനകളും പാലിച്ചെങ്കിൽ മാത്രമേ ഇടുക്കുവഴിയിലൂടെ മുന്നേറി നിത്യസ്വർഗ്ഗത്തിൽ എത്തുവാൻ കഴിയൂ. ഉദാഹരണത്തിന് യേശുകർത്താവു പറഞ്ഞു; നാം മറ്റുള്ളവരുടെ പിഴകൾ ക്ഷമിക്കാഞ്ഞാൽ നമ്മുടെ പിഴകളെ നമ്മോടും ക്ഷമിക്കയില്ല എന്ന്. എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും (യോഹന്നാൻ 14:23) എന്ന് യേശു പറയുമ്പോൾ നാം യേശുവിനെ സ്നേഹിക്കുന്നു എന്ന് വചനം അനുസരിച്ചു ജീവിതം കൊണ്ട് തെളിയിക്കേണ്ടതാണ്. കർത്താവ് നമ്മെ സ്നേഹിച്ചത് പോലെ തന്നെ നാമും നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കേണ്ടതാകുന്നു എന്ന കൽപ്പന പ്രാവർത്തികമാക്കുന്നില്ല എങ്കിൽ അങ്ങനെയുള്ളവർ ദൈവത്തെ അറിഞ്ഞിട്ടില്ല എന്ന് വചനം വ്യക്തമാക്കുന്നു (1 യോഹന്നാൻ 4:8). സഹോദരനെ സ്നേഹിക്കാത്ത ഒരു വ്യക്തിക്ക് സ്വർഗ്ഗരാജ്യത്തിൽ കർത്താവിനോടു കൂടെ എന്നുമെന്നേക്കും വസിക്കുവാൻ സാധിക്കുമോ? ഇത്തരം ജീവിതം തെറ്റായ ദിശയിലൂടെ ആയതിനാൽ അവരിൽ സ്വാഭാവികമായും മരണഭയം ഉളവാകും.

മനുഷ്യരുടെ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, അസൂയ, ദൂഷണം, അഹങ്കാരം,

മൂഢത എന്നീ ദോഷങ്ങളെല്ലാം അകത്തു നിന്ന് പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്ന് യേശു പറഞ്ഞു ( മർക്കോസ് 7: 21 - 23). ശുദ്ധീകരിക്കപ്പെട്ടവർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയും ദൈവത്തെ കാണുകയും ചെയ്യും. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയുമില്ല. അതിനാൽ ജീവിതവിശുദ്ധിയില്ലാത്ത ഏവനെയും മരണഭയം പിടികൂടും.

ഇവിടെ നമുക്ക് ലഭിക്കുന്ന ഒരു പുരുഷായുസ്സ് നിത്യതയ്ക്കായി നമ്മെ ഒരുക്കുവാനുള്ള പരിശീലനക്കളരിയാണ്. തിരുവെഴുത്തുകൾ അനുസരിച്ചു ജീവിക്കണമെങ്കിൽ വചനം ഗ്രഹിക്കുകയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി ദൈവകൃപ അത്യന്താപേക്ഷിതമാണ്. ഭൗതിക ആവശ്യങ്ങൾക്ക് പണം ആവശ്യം ആയിരിക്കുന്നത് പോലെ, ആത്മിക ആവശ്യങ്ങൾക്ക് കൃപ ആവശ്യമാണ്. കൃപമേൽ കൃപ പകർന്നു, ആവശ്യത്തിനുതകുവോളം കൃപ നൽകുവാൻ സന്നദ്ധനായ ദൈവമുമ്പാകെ നമ്മെ സമർപ്പിക്കുന്നത് ആത്മികജീവിതത്തിൽ കർത്താവിനെ കൂടുതൽ അറിയുവാനും അങ്ങനെ മരണഭയത്തെ ജയിക്കുവാനും സഹായകമാണ്.

ലോകത്തെയും ജഡത്തെയും വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെ ഇരിക്കുന്നത് അത്യുത്തമം എന്ന ബോധ്യം, ജീവിച്ചിരുന്ന കാലത്തു പൗലോസ് അപ്പോസ്തലനുണ്ടായിരുന്നു. ഇതേബോധ്യം നമുക്കില്ലെങ്കിൽ അത് നമ്മിൽ മരണഭയം ഉളവാക്കും.

മരണസമയം അറിയില്ലെങ്കിലും മരണം നിശ്ചയമായും സംഭവിക്കുക തന്നെ ചെയ്യും. ഒരിക്കൽ മരിക്കുകയും അതിനുശേഷം ന്യായവിധിയുടെ സിംഹാസനത്തിന് മുമ്പിൽ നിൽക്കേണ്ടി വരികയും ചെയ്യുമെന്ന് തിരുവെഴുത്തു വ്യക്തമായി പറയുന്നു (എബ്രായർ 9: 27). മാനസാന്തരപ്പെടാത്ത എല്ലാവരും നശിച്ചു പോകും എന്ന് യേശുകർത്താവ് പറഞ്ഞിട്ടുണ്ട് (ലൂക്കോസ് 13:3,5). ആകയാൽ നാം ജീവനോടിരിക്കുമ്പോൾ ക്രിസ്തുവിന്റെ കാൽവറിയാഗത്തിൽ വിശ്വസിച്ചു, മാനസാന്തരപ്പെട്ട് പാപങ്ങൾ ഏറ്റു പറഞ്ഞുപേക്ഷിക്കണം. അപ്പോൾ നാം ചെയ്ത അതിക്രമങ്ങൾ ഒക്കെയും, നമുക്ക് വിരോധവും പ്രതികൂലവുമായ ഒരു കേസിലെ FIR എന്ന പോലെ, പിശാചു എഴുതിയത്, യേശുവിന്റെ രക്തത്താൽ മായിച്ചു, നമ്മെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ച പാപത്തെ നീക്കിക്കളയുന്നു (കൊലൊസ്സ്യർ 3:14). ജീവനോടിരിക്കുമ്പോൾ മാനസാന്തരപ്പെടുവാനുള്ള അവസരം പ്രയോജനപ്പെടുത്തുന്നില്ല എങ്കിൽ മരണഭയം നിശ്ചയമായും പിടിമുറുക്കും. ആകയാൽ പാപത്തെ ഏറ്റു പറഞ്ഞുപേക്ഷിച്ച് ദൈവവചനത്താൽ വീണ്ടുംജനിച്ച് നീതികരണവും വിശുദ്ധീകരണവും പ്രാപിച്ചാൽ നിശ്ചയമായും ജീവാവസാനത്തിങ്കൽ ദൈവരാജ്യത്തിൽ എത്തിച്ചേരുമെന്ന ബോധ്യം മരണഭയത്തെ ഉന്മൂലനം ചെയ്യും.

കോപാക്രാന്തരായ പുരുഷാരം സ്തേഫാനോസിനെതിരെ ആക്രോശിച്ച് കല്ലെറിയുമ്പോൾ, ജനത്തെയോ കല്ലുകളെയോ അല്ല താൻ കണ്ടത്, മറിച്ച് ദൈവമഹത്വവും ദൈവത്തിന്റെ വലതുഭാഗത്തു യേശു നിൽക്കുന്നതുമാണ്. ഇതിനു കാരണം തനിക്കു യേശുകർത്താവിനോടുണ്ടായിരുന്ന അടുത്ത സ്നേഹബന്ധം ആയിരുന്നു. അത് തന്റെ മരണഭയത്തെ പൂർണ്ണമായും നീക്കി (പ്രവർത്തികൾ 7: 54 - 60). മാത്രമല്ല അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ ശോഭിക്കുന്നത് ശത്രുക്കൾ പോലും കണ്ടു (പ്രവർത്തികൾ 6:15). ദൈവത്തോടുകൂടെ നടന്ന ഹാനോക്ക് യാതൊരു ഭയവുമില്ലാതെ പ്രത്യാശ നിറഞ്ഞവനായി എടുക്കപ്പെടുകയാണുണ്ടായത്. രണ്ടു വ്യക്തികൾ ഒന്നിച്ച് നടക്കണമെങ്കിൽ നടപ്പു സംബന്ധിച്ച എല്ലാ നടപടികളിലും അവർ തമ്മിൽ തികഞ്ഞ മന:പ്പൊരുത്തം ഉണ്ടായിരിക്കണം. അതായത് എപ്പോൾ, ഏത് ദിശയിലേക്കു, എത്ര വേഗതയിൽ, എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും തികഞ്ഞ ഐക്യത ഉണ്ടായിരിക്കണം. നമ്മുടെ ജീവകാലത്തു യേശുവിനോടു ഏകീഭവിച്ച് ഏകമനസ്സോടെ തികഞ്ഞ സ്നേഹത്തിൽ നാം ജീവിക്കുന്ന പക്ഷം ഒരിക്കലും മരണഭയം നമ്മെ ബാധിക്കുകയില്ല.

ആത്മികയാത്രയിൽ നാം എവിടേക്കാണ് പോകുന്നത് എന്ന ഉറപ്പില്ലാത്തതാണ് മരണഭയം നമ്മിലുളവാകുന്നതിന്റെ മറ്റൊരു കാരണം. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെ ഇരിക്കുന്നത് അത്യുത്തമം എന്ന ബോധ്യം പൗലോസിനുണ്ടായിരുന്നു. അതിന്റെ കാരണം ദൈവം തന്നെ ഏല്പിച്ച ദൗത്യം അഥവാ ഓട്ടം താൻ നിറപടിയായി നിവർത്തിച്ചു എന്ന ഉറപ്പും, നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു എന്ന ബോധ്യവും ഉണ്ടായിരുന്നതിനാലാണ്. ആകയാൽ ഈ അനുഭവങ്ങൾ നമ്മുടെയും ജീവിതയാത്രയിൽ കൈവരിക്കുവാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം. മരണഭയം ഇല്ലാതെ തികഞ്ഞ പ്രത്യാശയോടെ സ്വർഗ്ഗഗേഹം പോകുവാൻ നമുക്കൊരുങ്ങാം... ●

ബെഞ്ചമിൻ വർഗീസ്

# ഗുണ്ടർട്ട് കേരളത്തിലെ ഇല്ലിക്കുന്നിൽ

**ബാ**സൽ മിഷനിൽ ചേർന്ന ഗുണ്ടർട്ട് കേവലം രണ്ടു മാസം മാത്രമാണ് മംഗലാപുരത്ത് താമസിച്ചത്. അതിനകം തന്നെ അദ്ദേഹത്തിനു കേരളം സന്ദർശിക്കാനായി ഒരു അവസരം ലഭിച്ചു. തലശേരിക്ക് സമീപത്തുള്ള അഞ്ചരക്കണ്ടി എന്ന സ്ഥലത്ത് മിഖായേൽ ഉപദേശി എന്നൊരാൾ, ലോകപ്രശസ്തമായ കറപ്പ (കറുവാ)ത്തോട്ടത്തിൽ അടിമപ്പണി ചെയ്തുപോന്നിരുന്നവരുടെ ഇടയിൽ സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെട്ട് പോന്നു. ഈ തോട്ടം നടത്തിപ്പുകാരനായിരുന്ന ബ്രൗൺ സായ്പ് ഒരു ക്രിസ്ത്യാനി അല്ലായിരുന്നുവെങ്കിലും തന്റെ തോട്ടത്തിൽ പണിയെടുക്കുന്ന അടിമകളുടെ ജീവിതത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടാക്കുവാൻ ക്രിസ്തുമാർഗത്തിനു സാധിക്കും എന്ന ചിന്തയിൽ അവരുടെയിടയിൽ പ്രവർത്തിക്കുവാനായി ഒരു മിഷണറിയെ അയയ്ക്കേണം എന്ന് റെനിയസിനോട് ആവശ്യപ്പെടുകയുണ്ടായി. അതിനെത്തുടർന്ന് റെനിയസ് ആണ് മിഖായേൽ ഉപദേശിയെ അഞ്ചരക്കണ്ടിയിലേയ്ക്ക് അയച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി നിരവധിപേർ ക്രിസ്തുവിനെ അറിയുവാനിടയാവുകയും ചെയ്തു.

**അടിമകളുടെ ജീവിതത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടാക്കുവാൻ ക്രിസ്തുമാർഗത്തിനു സാധിക്കും എന്ന ചിന്തയിൽ അവരുടെയിടയിൽ പ്രവർത്തിക്കുവാനായി ഒരു മിഷണറിയെ അയയ്ക്കേണം എന്ന് റെനിയസിനോട് ആവശ്യപ്പെടുകയുണ്ടായി.**

മിഖായേൽ ഉപദേശിയെക്കുറിച്ചും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഗുണ്ടർട്ട് പാളയംകോട്ടു വെച്ചുതന്നെ കേട്ടിരുന്നു. അവിടെ അനേകർ സുവിശേഷം കേൾക്കാൻ താത്പര്യം കാണിക്കുന്നുണ്ട് എന്നും ഗുണ്ടർട്ട് മനസിലാക്കി. അതുകൊണ്ട് അഞ്ചരക്കണ്ടി സന്ദർശിക്കുവാൻ ഗുണ്ടർട്ടിന് താത്പര്യമുണ്ടായിരുന്നു.

1839 ജനുവരിയിൽ ബാസൽമിഷൻ അധികാരികൾ ഗുണ്ടർട്ടിനോട് കേരളത്തിൽ മിഷൻ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമോ എന്നാരാഞ്ഞു. അങ്ങനെ ഗുണ്ടർട്ട് കേരളസന്ദർശനത്തിനായി തയാറായി. തലശേരിയിൽ അക്കാലത്ത് പോസ്റ്റ്മാസ്റ്ററായി പ്രവർത്തിച്ചിരുന്ന വെസ്റ്റ് എന്നൊരാളായിരുന്നു അദ്ദേഹത്തിന്റെ ആതിഥേയൻ. വെസ്റ്റാകട്ടെ ഒരു ക്രിസ്ത്യൻ മിഷണറി ആകാൻ ആഗ്രഹിച്ചിട്ടും അതിനു സാധിക്കാതെ പോയ വ്യക്തിയായിരുന്നു. അദ്ദേഹം ഗുണ്ടർട്ടിനെ വളരെ താത്പര്യത്തോടെ കൈക്കൊള്ളുകയും താൻ ഔദ്യോഗികനിലയിലും അല്ലാതെയും പരിചയപ്പെട്ട പല പ്രമുഖവ്യക്തികൾക്കും ഗുണ്ടർട്ടിനെ പരിചയപ്പെടുത്തുകയും ചെയ്തു. ഇവരിൽ പലരും ഒരു മിഷണറി തങ്ങളുടെ ഇടയിൽ പ്രവർത്തിച്ചാൽ കൊള്ളാം എന്ന് ആഗ്രഹം പങ്കുവെച്ചു.

അഞ്ചരക്കണ്ടിയിലെത്തിയപ്പോൾ തോട്ടം പണിക്കാരുടെ സ്ഥിതി താൻ കേട്ടറിഞ്ഞതിലും പരിതാപകരമാണെന്ന് ഗുണ്ടർട്ട് മനസിലാക്കി. തോട്ടമുടമ പണിക്കാർക്കേർ പ്പെടുത്തിയിരുന്ന സൗകര്യങ്ങൾ തോട്ടം നടത്തിപ്പു

കാർ വെട്ടിക്കുറച്ചിരിക്കുന്നുവെന്നും, മനുഷ്യത്വഹീനമായ ശിക്ഷാമുറകൾക്ക് ആ സാധുക്കൾ വിധേയരാകേണ്ടി വരാറുണ്ടെന്ന കാര്യവും കണ്ട അദ്ദേഹം അഞ്ചരക്കണ്ടിയിലും തലശേരിയിലും മിഷൻ പ്രവർത്തനം നടത്തേണ്ടതിന്റെ അനിവാര്യത കാണിച്ചുകൊണ്ട് ബാസലിലേയ്ക്ക് ഒരു കത്തെഴുതി(Frenz 79). അഞ്ചരക്കണ്ടിയിൽ കണ്ട ഹൃദയഭേദകമായ പല കാര്യങ്ങളും, അവിടെ വിശ്വാസികളിൽ നടക്കുന്ന രൂപാന്തരങ്ങളുടെ നേർവിവരണങ്ങളും ആ കത്തിൽ അദ്ദേഹം കാണിച്ചിരുന്നു. (Gundert 1).

തോട്ടം പണിക്കാരുടെ അവസ്ഥ ഗുണ്ടർട്ടിന്റെ മനസിനെ ഉലച്ചിരുന്നിരിക്കണം. ഏതായാലും ബംഗ്ലാവിൽ ഒരു പ്രാർഥന നടത്തുവാനായുള്ള ക്ഷണത്തെ അദ്ദേഹം നിരസിച്ചു. എന്നാൽ മിഖായേൽ ഉപദേശിയുടെ കൂടെ അദ്ദേഹം ആ അടിമകളെ സന്ദർശിക്കുകയും സുവിശേഷ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. അവിടെ നടന്നുപോന്ന കുട്ടികളുടെ ഒരു പാഠശാലകൂടി അദ്ദേഹം സന്ദർശിക്കുകയുണ്ടായി.

മംഗലാപുരത്ത് മടങ്ങിയെത്തിയ ഗുണ്ടർട്ട് കേരളനാട്ടിൽ മിഷൻപ്രവർത്തനം ആരംഭിക്കേണം എന്ന് തന്റെ സഹപ്രവർത്തകരെ അറിയിച്ചു. അതനുസരിച്ച് മ്യൂഗ്ലിങ്ങ് ബാസലിലേയ്ക്ക് അക്കാര്യം കാട്ടിക്കൊണ്ട് ഒരു കത്തയച്ചു. ആ കത്തിന്റെ മറുപടി വരുന്നതിനു മുമ്പുതന്നെ ഇക്കാര്യത്തിലുള്ള ദൈവഹിതം വെളിപ്പെടുംപോലെ മലബാറിൽ ഒരു മിഷൻ സ്റ്റേഷൻ ആരംഭിക്കുവാനുള്ള സാഹചര്യം ഒരുങ്ങിവന്നു.

ഹേബിക്കിന്റെ ശുശ്രൂഷയിൽ മാനസാന്തരപ്പെട്ട ഇംഗ്ലീഷുകാരിൽ ഒരാളായിരുന്നു റ്റി. എൽ. സ്ട്രേഞ്ച്. അദ്ദേഹം ഒരു ജഡ്ജിയായിരുന്നു. തന്റെ മാനസാന്തരത്തിനുശേഷം തലശേരിയിൽ ഒരു മിഷൻ പ്രവർത്തനം ആരംഭിക്കേണം എന്ന് അദ്ദേഹം ആഗ്രഹിക്കുകയും അക്കാര്യത്തിൽ CMS മിഷൻ സംഘടനയുടെ സഹായം തേടുകയും ചെയ്തു. എന്നാൽ ആ ശ്രമം പരാജയപ്പെട്ടു. അങ്ങനെയിരിക്കെയാണ് സ്ട്രെയ്ഞ്ചിന് ഇംഗ്ലണ്ടിലേയ്ക്ക് മടങ്ങേണ്ടതായി വന്നത്. തുടർന്നാണ് അദ്ദേഹം ബാസൽ മിഷനുമായി ബന്ധപ്പെട്ടതും, തലശേരിക്കടുത്ത് ഇല്ലിക്കുന്നിലുള്ള ബംഗ്ലാവ് അവർക്ക് ദാനമായി നൽകാമെന്ന് അറിയിച്ചതും (1839 ഫെബ്രുവരി 27). അതിൻപ്രകാരം ഇല്ലിക്കുന്നിലെ ബംഗ്ലാവ് ഏറ്റെടുക്കാൻ ഗുണ്ടർട്ടിനെയും ഡേലിംഗർ എന്ന മറ്റൊരു സഹോദരനെയും നിയമിച്ചു. മാർച്ച് 2 നു


**തോട്ടം പണിക്കാരുടെ അവസ്ഥ ഗുണ്ടർട്ടിന്റെ മനസിനെ ഉലച്ചിരുന്നിരിക്കണം. ഏതായാലും ബംഗ്ലാവിൽ ഒരു പ്രാർഥന നടത്തുവാനായുള്ള ക്ഷണത്തെ അദ്ദേഹം നിരസിച്ചു. എന്നാൽ മിഖായേൽ ഉപദേശിയുടെ കൂടെ അദ്ദേഹം ആ അടിമകളെ സന്ദർശിക്കുകയും സുവിശേഷ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു.**

സ്ട്രെയ്ഞ്ച് ഇംഗ്ലണ്ടിലേയ്ക്ക് തിരികെപ്പോവുകയും 21 നു ഗുണ്ടർട്ടും ഡെലിംഗറും അവിടെ എത്തിച്ചേരുകയും ചെയ്തു.

ഇല്ലിക്കുന്നിൽ എത്തിയപ്പോൾ മാത്രമാണ് ആ സ്വമേധാദാനത്തിന്റെ വലിപ്പം അവർക്ക് മനസിലായത്. വളരെ വലിപ്പമുള്ളതും മനോഹരവുമായ ഒരു ബംഗ്ലാവായിരുന്നു അത്. ഇതുകൂടാതെ ബൃഹത്തായ ഒരു ഗ്രന്ഥശേഖരവും, നിരവധിയായ ഉപകരണങ്ങളും, അനേകം ജോലിക്കാരും അതിലുൾപ്പെട്ടിരുന്നു. സ്ട്രെയ്ഞ്ചിന്റെ സുഹൃത്തുക്കളായിട്ടും നാട്ടുകാരായിട്ടും ബംഗ്ലാവിലെ ജോലിക്കാരായിട്ടുമൊക്കെയുള്ള വലിയൊരു സംഘം ആളുകൾ അവരെ വരവേൽക്കാനായി അവിടെ കാത്തുനിന്നിരുന്നു. ഈ സൗകര്യങ്ങളെല്ലാം കണ്ട ഗുണ്ടർട്ടിന് ഇവയെല്ലാം തങ്ങളുടെ പ്രവർത്തനങ്ങളിൽ ഫലപ്രദമായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതായിരുന്നു ചിന്ത. എന്തായാലും ഇല്ലിക്കുന്നിലെ ബംഗ്ലാവ് കേന്ദ്രമാക്കി പ്രവർത്തിക്കാൻ ഗുണ്ടർട്ടും ഡേലിംഗറും തീരുമാനിക്കുകയും മടങ്ങിപ്പോയി പൂർണഗർഭിണിയായിരുന്ന ജൂലിയയുമൊത്ത് 1839 ഏപ്രിൽ 12 - ാം തിയതി തിരികെയെത്തി ബംഗ്ലാവിൽ താമസമാരംഭിക്കുകയും ചെയ്തു. അവർ അവിടെയെത്തി 6 - ാം ദിവസം തന്നെ ജൂലിയ തങ്ങളുടെ ആദ്യപുത്രനു ജന്മം നൽകി. ഈ കുട്ടിക്ക് ഹെർമൻ എന്ന് നാമകരണം ചെയ്തു. ഡേലിംഗറാകട്ടെ ഇല്ലിക്കുന്നിലെത്തി അധികം വൈകാതെ തന്നെ രോഗിയായിത്തീരുകയും, മെയ് 4 നു തിരികെ മംഗലാപുരത്തേയ്ക്ക് മടങ്ങുകയും ചെയ്തു.

ഇല്ലിക്കുന്നിലെ ബംഗ്ലാവ് ഗുണ്ടർട്ടിന്റെ ജീവിതത്തിലെ തുടർന്നുള്ള പല പ്രധാന സംഭവങ്ങൾക്കും വേദിയായി. ഗുണ്ടർട്ട് മലയാളഭാഷയിൽ പ്രാവീണ്യം നേടിയതും ഇവിടെവച്ചാണ്. ●



ജെസ്സി സാജു

# മാതൃകയുടെ ആഴമായ സ്വാധീനം

ആത്മീകപക്വത പ്രാപിച്ച വിശ്വാസികളിലെ, വിശേഷാൽ സഹോദരിമാരിലെ അനുകരണീയമായ മാതൃക നാം ചിന്തിക്കുന്നതിനേക്കാൾ ഉപരിയായ അളവിൽ മറ്റുള്ളവരെയും വിശേഷാൽ കുഞ്ഞുങ്ങളെയും സ്വാധീനിക്കും.

ആഫ്രിക്കയിൽ പ്രവർത്തിച്ചിരുന്ന ഒരു മിഷനറി, അദ്ദേഹത്തിന്റെ ജീവിത അനുഭവങ്ങൾ പങ്കുവെച്ചപ്പോൾ പറഞ്ഞ ഒരനുഭവം നമ്മുടെ കണ്ണു തുറപ്പിക്കുന്നതാണ്. അദ്ദേഹം പ്രവർത്തിച്ച സ്ഥലം ഒരു ഗ്രാമപ്രദേശമാണ്. അവിടെ നിന്ന് 8 കിലോമീറ്റർ നടന്നാൽ മാത്രമേ അടുത്ത സ്കൂളിൽ ചെല്ലുവാൻ പറ്റുകയുള്ളൂ. തന്റെ വീടിനടുത്ത് ഒരു വീട്ടിൽ രണ്ട് ആൺകുട്ടികൾ ഉണ്ടായിരുന്നു. അവർ ആ സ്കൂളിലാണ് പഠിച്ചിരുന്നത്. അതിൽ ഇളയ സഹോദരൻ പരസഹായമില്ലാതെ നടക്കാൻ കഴിയാത്ത തളർന്ന ഒരു കുട്ടിയായിരുന്നു. ബുദ്ധിപരമായി ആ കുഞ്ഞിന് കുഴപ്പമൊന്നുമില്ല. കൈയും കാലും ശോഷിച്ച അവസ്ഥ. ഇളയ സഹോദരന് തനിയെ നടക്കാൻ കഴിയാത്തതു കൊണ്ട് മൂത്ത സഹോദരൻ അവനെ എടുത്തുകൊണ്ടാണ് സ്കൂളിൽ പൊയ്ക്കൊണ്ടിരുന്നത്. അവർ കുട്ടികളെ ഒരു പ്രത്യേക തരത്തിൽ കെട്ടിയിട്ടാണ് യാത്ര ചെയ്യുന്നതും മറ്റും. 8 കിലോമീറ്റർ അങ്ങോട്ടുംഇങ്ങോട്ടും ചുമന്നു കൊണ്ടാണ് യാത്ര ചെയ്തത്. ഇത് കണ്ട് മിഷനറിക്കു വളരെ അതിശയം തോന്നി. ഇങ്ങനെയും സഹോദരങ്ങളുണ്ടോ? ഇത്രയധികം സ്നേഹമുള്ള കുഞ്ഞ്! 'ഞാൻ നിന്നെ വളരെയധികം അഭിനന്ദിക്കുന്നു. കാരണം 16 കിലോമീറ്റർ നീ ഈ ഭാരം ചുമന്നു കൊണ്ട് സ്കൂളിലേക്കും തിരിച്ചു വീട്ടിലേക്കും നടക്കുന്നവല്ലോ. അത്രയും കേട്ടപ്പോൾ മൂത്ത സഹോദരൻ മിഷനറിയുടെ നേരെ തട്ടിക്കയറി; മിസ്റ്റർ, നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഇത് എനിക്ക് ഒരു ഭാരമല്ല, മറിച്ച് എന്റെ സഹോദരനാണ്. He is not a burden, but is my brother. അപ്പോൾ ഈ മിഷണറി പറയുകയായിരുന്നു, ചെറിയ ചെറിയ കാര്യങ്ങൾ ചെയ്തിട്ട് വലിയ വായിൽ സംസാരിക്കുന്നതിനേക്കാളും എത്രയോ കണ്ണുതുറപ്പിക്കുന്ന ഒരു കാര്യമായിരുന്നു തന്റെ സ്വന്തം സഹോദരനെ സ്നേഹിക്കുന്ന ഈ കുഞ്ഞു പൈതലിന്റെ കഥ. നാം നമ്മുടെ സഹോദരനെ സഹായിക്കുന്നത്, അവനെ കരുതുന്നത് ഒരിക്കലും ഒരു ഭാരം അല്ല, പ്രത്യുത അതൊരു പദവിയാണ്.

യേശുക്രിസ്തുവിന്റെ ഉയിർപ്പിന് ശേഷം ഏറ്റവും വലിയൊരു അത്ഭുതമായി എനിക്ക് തോന്നുന്നത് യോഹന്നാനും പത്രോസും ഒന്നിച്ചുനിന്ന് ശുശ്രൂഷിക്കുന്ന കാഴ്ചയാണ്. അവരെ ഒന്നിപ്പിച്ചത് യേശുക്രിസ്തുവിന്റെ സ്നേഹമാണ്. പത്രോസ് മുക്കുവ പശ്ചാത്തലത്തിൽ ജീവിച്ച ഒരു വ്യക്തിയാണ്. എന്നാൽ യോഹന്നാനും യാക്കോബും സ്വന്തമായി ബോട്ടുള്ളവരും സമ്പന്ന കുടുംബത്തിൽ നിന്നുള്ളവർ എന്നു വേണമെങ്കിലും പറയാം. എന്നാൽ പരിശുദ്ധാത്മാവ് അവരിലേക്ക് വന്നപ്പോൾ അവരുടെ കാഴ്ചപ്പാടിലെ ഉയർച്ചയും താഴ്ചയും എല്ലാം മാറി. ക്രിസ്തുവിൽ എല്ലാവരും ഒന്നായി.

ഇന്ന് ഈ കാഴ്ചപ്പാടുള്ള എത്ര സഹോദരങ്ങൾ നമ്മുടെ സഭകളിലുണ്ട്? 1 യോഹന്നാൻ 2: 9, 10, 11 വാക്യങ്ങൾ ഇപ്രകാരമാണ്. 'വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുകയും സഹോദരനെ വെറുക്കുകയും ചെയ്യുന്നവൻ ഇന്നയോളം ഇരുട്ടിൽ ഇരിക്കുന്നു. സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു. ഇടർച്ചയ്ക്ക് അവനിൽ കാരണമില്ല. സഹോദരനെ പകയ്ക്കുന്നവനോ

ഇരുട്ടിൽ ഇരിക്കുന്നു'. നാമൊക്കെ ഒത്തിരി അവകാശവാദം മുഴക്കുന്നവരാണ്. അതിൽ ചില അവകാശവാദമാണ് നാം വെളിച്ചത്തിൽ ഇരിക്കുന്നു, നടക്കുന്നു, വസിക്കുന്നു, എന്നിത്യാദി കാര്യങ്ങൾ.

എന്നാൽ അറിഞ്ഞോ അറിയാതെയോ നാം നമ്മുടെ രക്തബന്ധത്തിലുള്ള സഹോദരങ്ങളെയോ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സഹോദരങ്ങളെയോ പകയ്ക്കുകയോ, വെറുക്കുകയോ ചെയ്താൽ നാം ഇരുട്ടിലാണ് ഇരിക്കുന്നത്. 1 യോഹന്നാൻ 2:11 ൽ 'ഇരുട്ട് അവന്റെ കണ്ണ് കുരുടാക്കുകയാണ്, എവിടേക്ക് പോകുന്നു എന്ന് അവൻ അറിയുന്നില്ല. ഇരുട്ട് എന്നാൽ ആത്മീയ മരണം എന്നു തന്നെയാണ് അർത്ഥം. ആത്മീയമരണം സംഭവിച്ചവൻ നിത്യനരകത്തിലേക്ക് തന്നെയാണ് ചെന്നെത്തുക.

രണ്ടാമതായി നാം പറയുന്ന അവകാശവാദം നാം സത്യത്തിലും നീതിയിലുമാണ് ജീവിക്കുന്നതും നടക്കുന്നതും എന്നാണ്. എന്നാൽ 1 യോഹന്നാൻ 3:10 ൽ പറയുന്നത്; നീതി പ്രവർത്തിക്കാത്തവനും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല. കയീൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊല്ലുവാൻ സംഗതി എന്ത്? തന്റെ പ്രവർത്തി ദോഷമുള്ളതും സഹോദരന്റേത് നീതിയുള്ളതും ആയതു കൊണ്ടത്രേ. ഹാബേലിന്റെ നീതിയുള്ള യാഗത്തിൽ ദൈവം പ്രസാദിക്കുന്നതും, ഹൃദയത്തിൽ ദോഷമുള്ള കയീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതിരിക്കുന്നതും നാം ഉല്പത്തി പുസ്തകത്തിൽ കാണുന്നു. പലരും ചിന്തിക്കുന്നതു പോലെ കയീൻ കായ്കനികൾ കൊണ്ടുവന്നതും ഹാബേൽ രക്തം ചൊരിഞ്ഞു ആടിനെ അർപ്പിച്ചതും കൊണ്ടല്ല ഈ വേർതിരിവ്. എന്തു കൊണ്ടുവന്നു എന്നുള്ളതല്ല ഏതു മനോഭാവത്തോടെ കൊണ്ടുവന്നു എന്നതാണ് ഇവിടെ വിഷയം.

കയീന്റെ മനോഭാവം ദോഷം ഉള്ളതും ഹാബേലിന്റേതു നീതി ഉള്ളതും ആയിരുന്നു. സഹോദരനെ സ്നേഹിക്കുന്നവൻ മരണം വിട്ട് ജീവനിൽ കടക്കുന്നു എന്നും സ്നേഹിക്കാത്തവൻ മരണത്തിൽ തുടർന്ന് വസിക്കുന്നു' എന്നും പതിനാലാം വാക്യം നമ്മെ ഓർമിപ്പിക്കുന്നു. 'സഹോദരനെ പകയ്ക്കുന്നവനെല്ലാം കൊലപാതകർ ആകുന്നു'.

താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്ന കൽപ്പന

**ജീവിതത്തിൽ നാം മാതൃക ഉള്ളവരാണെങ്കിലേ പിൻതലമുറകളും അതിന്റെ മൂല്യം ഉൾക്കൊണ്ടു വളരുവാൻ തയ്യാറാവുകയുള്ളു.**

നമുക്ക് ലഭിച്ചിരിക്കുന്നു. ഈ വചനത്തിന്റെ വെളിച്ചത്തിൽ കള്ളനും കൊലപാതകനും ആണോ എന്ന് നാം നമ്മെത്തന്നെ ശോധന ചെയ്താൽ കൊള്ളാം. അതിനു വലിയ തിയോളജി ഒന്നും അറിയണ്ട. നാം നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുന്നുണ്ടോ എന്ന് ഒന്ന് സ്വയശോധന ചെയ്താൽ മാത്രം മതി.

ദൈവമേ ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്ന് ഉറക്കെ പാടുകയും ആരാധിക്കുകയും ഒക്കെ ചെയ്തിട്ട് ആവശ്യത്തിലിരിക്കുന്ന നമ്മുടെ സഹോദരനെ സഹായിച്ചില്ലെങ്കിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ കൊണ്ടെന്തു പ്രയോജനം?

ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും, തന്റെ സഹോദരന് മുട്ടുള്ളത് കണ്ടിട്ട്, അവനോട് മനസ്സലിവ് കാണിക്കാഞ്ഞാൽ, ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളെ നാം വാക്കിനാലും നാവിനാലും അല്ല, പ്രവർത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക. നാം സത്യത്തിന്റെ പക്ഷത്ത് നിൽക്കുന്നവർ എന്ന് ഇതിനാൽ അറിയാം. സത്യവും നീതിയും നമ്മിലുണ്ടെന്ന് അവകാശം മുഴക്കുമ്പോൾ നാം ഓർക്കുക, നമ്മുടെ സഹോദരന്റെ മുട്ടുതീർക്കുകയും അവനോട് മനസ്സലിവ് കാണിക്കുകയും (ധാരാളമായി കൊടുക്കുന്ന കാര്യമാണ് മനസ്സലിവ് കാണിക്കുക എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്). ഇങ്ങനെ ചെയ്തില്ലെങ്കിൽ നിത്യശിക്ഷാവിധിയിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന കാര്യം വിശ്വാസജീവിതം നയിക്കുന്നവർ വളരെ ഗൗരവമായി തന്നെ കാണണം. യേശു നമ്മെ സ്നേഹിച്ചതുപോലെ നമുക്ക് മറ്റുള്ളവരെ സ്നേഹിക്കാം.

അമ്മമാരും മുതിർന്ന സഹോദരിമാരും, വളർന്നു വരുന്ന നമ്മുടെ ഇളം തലമുറയ്ക്ക് ഉത്തമമായ, മൂല്യമേറിയ ഈ വചനങ്ങൾ കുഞ്ഞുങ്ങളുടെ മനസ്സിൽ പാകി മുളപ്പിച്ചു അവരെ അതിനു പ്രാപ്തരാക്കണം. ജീവിതത്തിൽ നാം മാതൃക ഉള്ളവരാണെങ്കിലേ പിൻതലമുറകളും അതിന്റെ മൂല്യം ഉൾക്കൊണ്ടു വളരുവാൻ തയ്യാറാവുകയുള്ളു. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# പാരമ്പര്യവാദം അപകടകരം

**അ**നന്തരം യെരുശലേമിൽ നിന്ന് പരീശന്മാരും ശാസ്ത്രമാരും യേശുവിന്റെ അടുക്കൽ വന്നു: നിന്റെ ശിഷ്യന്മാർ പൂർവന്മാരുടെ സമ്പ്രദായം ലംഘിക്കുന്നത് എന്ത്? അവർ ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നില്ലല്ലോ എന്ന് പറഞ്ഞു. നിങ്ങളുടെ സമ്പ്രദായം കൊണ്ട് നിങ്ങൾ ദൈവകൽപ്പന ലംഘിക്കുന്നത് എന്ത്? അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കണമെന്നും ദൈവം കൽപ്പിച്ചുവല്ലോ. നിങ്ങളോ ഒരുത്തൻ അപ്പനോട് എങ്കിലും അമ്മയോട് എങ്കിലും: നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്ന് പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ട എന്ന് പറയുന്നു ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലമാക്കിയിരിക്കുന്നു. കപടഭക്തിക്കാരെ, നിങ്ങളെക്കുറിച്ച് യെശയ്യാവ് :'ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു: എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നത് കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു (മത്തായി 15: 1-9).

തലമുറ തലമുറയായി കൈവന്നിരിക്കുന്ന വിശ്വാസങ്ങളും ആചാരങ്ങളും ആണ് പാരമ്പര്യം എന്നത്. എല്ലാ ജാതിക്കാർക്കും മതക്കാർക്കും അവരുടേതായ പാരമ്പര്യങ്ങൾ ഉണ്ട്. ഇസ്രായേൽ ജനത്തിന് ദൈവം നൽകിയ കൽപ്പനകൾ ആയിരുന്നു അവരുടെ ജീവിതത്തിന്റെ അടിസ്ഥാനം. അവർക്ക് ദൈവം അനുഷ്ഠിക്കുവാൻ നൽകിയ പരിച്ഛേദന, ഉത്സവങ്ങൾ തുടങ്ങിയവ അവരുടെ പാരമ്പര്യത്തിന്റെ ഭാഗമായിത്തീർന്നു. തുടർന്ന് അവരുടെ സൗകര്യത്തിനും ക്ഷേമത്തിനും ഒക്കെ അവർ ഉണ്ടാക്കിയ നിയമങ്ങളും വിധികളും എല്ലാം പാരമ്പര്യത്തിന്റെ ഭാഗമായിത്തീർന്നു. തുടർന്ന് സംഭവിച്ച ദു:ഖകരമായ കാര്യം ദൈവകൽപ്പന പിൻതള്ളപ്പെടുകയും പാരമ്പര്യം കൂടുതൽ പ്രാമുഖ്യം നേടുകയും ചെയ്തു എന്നതാണ്. ഇത് യഹൂദന്റെ ആത്മീയ പരാജയത്തിന് ഒരു കാരണമായി.

യെരുശലേമിൽ നിന്നുള്ള പരീശന്മാരും ശാസ്ത്രിമാരും യേശുവിന്റെ ശിഷ്യന്മാർക്കെതിരെ ഉന്നയിക്കുന്ന ആരോപണം അവർ ഭക്ഷിക്കുമ്പോൾ കൈകഴുകുന്നില്ല എന്നതാണ്. അതായത് പൂർവികന്മാരുടെ സമ്പ്രദായം ലംഘിക്കുന്നു. ഇവിടെ കൈകഴുകുന്നത് വെടിപ്പുള്ള കൈകൊണ്ട് ഭക്ഷണം കഴിക്കണം എന്നതിനുവേണ്ടി അല്ല, പ്രത്യുത പാരമ്പര്യത്തിലെ കീഴ്വഴക്കം മാത്രമാണ്. ഇങ്ങനെ കൈകഴുമ്പോൾ വെള്ളം ഒഴിക്കുന്നതിന് ഒരു രീതി ഉണ്ടായിരുന്നു. വലതുകൈ, വശമുള്ളവർ വലത് കയ്യിൽ രണ്ട് പ്രാവശ്യം വെള്ളം ഒഴിക്കുന്നു.തുടർന്ന് ഇടതു കൈയിലും, രണ്ടുപ്രാവശ്യമോ ചിലപ്പോൾ അത് മൂന്ന് പ്രാവശ്യമോ ആകാം. എന്നാൽ ഇടതുകൈ വശമുള്ളവർ ആദ്യം ഇടതുകൈയിൽ വെള്ളം ഒഴിക്കുന്നു.

കർത്താവ് തന്റെ ശിഷ്യന്മാരെ പാരമ്പര്യം അനുസരിക്കുവാൻ നിർബന്ധിക്കുകയും പഠിപ്പിക്കുകയും ചെയ്തില്ല. അതുകൊണ്ട് കർത്താവിന്റെ ശിഷ്യന്മാർ പൂർവികന്മാരുടെ അർത്ഥമില്ലാത്ത സമ്പ്രദായങ്ങളെ അവഗണിക്കുന്നതായി നാം കാണുന്നു. അത് അവർക്കെതിരെ ഒരു ആരോപണമായി പരീശന്മാരും ശാസ്ത്രിമാരും ഉന്നയിക്കുമ്പോൾ കർത്താവ് നൽകിയ മറുപടി ചിന്തനീയമാണ്. 'നിങ്ങളുടെ സമ്പ്രദായം(പാരമ്പര്യം) കൊണ്ട് നിങ്ങൾ ദൈവകൽപ്പന ലംഘിക്കുന്നത് എന്ത്"? എന്ന് കർത്താവ് അവരോട് ചോദിച്ചു. എപ്പോഴാണ് പാരമ്പര്യം വിനയായിത്തീരുന്നത്? ദൈവത്തിന്റെ

കൽപ്പനകളെ അതിന്റെ ഗൗരവത്തോടെ മനസ്സിലാക്കുകയും, ദൈവത്തിലുള്ള വിശ്വാസത്തോടെ അവ അനുസരിക്കുകയും വേണം. ദൈവ കൽപ്പന ലംഘിക്കുന്നത് ദൈവത്തോടുള്ള മത്സരമാണ്.

ഓരോ സമുദായത്തിൽ ഉള്ളവരും പാരമ്പര്യങ്ങൾ അനുസരിച്ചു വരുന്നു. പാരമ്പര്യം എന്തിനെന്ന് ആരും ചിന്തിക്കുകയും ചോദിക്കുകയും ചെയ്യുന്നില്ല. അതിനാൽ എത്ര അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ആണ് ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നത്. ഇത് ദൈവത്തോടുള്ള മത്സരമായി തീർന്നിരിക്കുന്നു എന്നതല്ലേ വാസ്തവം? ഇതേക്കുറിച്ച് ഓരോരുത്തരും ബോധവാന്മാർ ആകേണ്ടിയിരിക്കുന്നു.

ക്രിസ്തീയ സമൂഹങ്ങളിലും ആവർത്തിച്ചു വരുന്ന പാരമ്പര്യങ്ങളെക്കുറിച്ച് എല്ലാവരും ചിന്തിക്കണം. പലതും ദൈവത്തിന്റെ കൽപ്പനാലംഘനത്തിന് കാരണമാകുന്നു എന്ന യാഥാർത്ഥ്യവും തിരിച്ചറിയണം. പല സഭാവിഭാഗങ്ങളും പാരമ്പര്യങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു. വേദപുസ്തകം പൂർണ്ണമല്ലെന്നും അതിനാൽ സഭ അനുവർത്തിച്ചു വരുന്ന പാരമ്പര്യമാണ് കൂടുതൽ പ്രാധാന്യം ആയതെന്നും അവർ പഠിപ്പിക്കുന്നു. ഇത് വളരെ അപകടകരമായ പഠിപ്പിക്കൽ ആണ്.

യഹൂദൻ പാരമ്പര്യത്തിന് പ്രാധാന്യത കൊടുത്തപ്പോൾ ലംഘിക്കപ്പെടുന്ന ദൈവത്തിന്റെ കൽപ്പനകൾക്ക് ഉദാഹരണം കർത്താവ് ചൂണ്ടിക്കാണിച്ചു 'അപ്പനെയും അമ്മയെയും ബഹുമാനിക്കണം എന്നും, അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കണം' എന്നും ദൈവം കൽപ്പിച്ചുവല്ലോ. നിങ്ങളോ ഒരുത്തൻ അപ്പനോട് എങ്കിലും അമ്മയോട് എങ്കിലും, നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്ന് പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ട എന്ന് പറയുന്നു.ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബലമാക്കിയിരിക്കുന്നു.

എത്ര നിന്ദ്യമായ ചിന്താഗതി ആയിരുന്നു യഹൂദൻ സ്വീകരിച്ചത്. അപ്പനെയും അമ്മയെയും ബഹുമാനിക്കണം എന്നത് ദൈവകൽപ്പനയാണ്. അത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും നിലനിൽപ്പിന് അനിവാര്യമാണ്. അമ്മയപ്പന്മാരോട് വിധേയത്വവും അനുസരണവും മക്കൾക്ക് ഇല്ലാതെ വന്നാൽ എത്ര വലിയ അധ:പ്പതനം ആയിരിക്കും മനുഷ്യന് സംഭവിക്കുക. മാതാപിതാക്കൾ വാർദ്ധക്യത്തിൽ ആകുമ്പോൾ അവർക്ക് അർഹിക്കുന്ന ബഹുമാനവും ശ്രദ്ധയും പരിചരണവും ലഭിക്കാതെ വന്നാൽ അത് എത്ര സങ്കടകരമാണ്. മാതാപിതാക്കളുടെ പരിചരണത്തിന് ഉപയോഗിക്കേണ്ട സമ്പത്ത് ദൈവാലയത്തിൽ വഴിപാടായി കൊടുത്താൽ, പിന്നെ മാതാപിതാക്കളെ പരിചരിക്കേണ്ടതില്ല എന്നാണ് ഇക്കൂട്ടർ ഉണ്ടാക്കിയ പാരമ്പര്യം പറയുന്നത്. ഇത് അവരെ എത്ര അധ:പ്പതനത്തിൽ കൊണ്ടെത്തിച്ചു എന്ന് ചിന്തിക്കുക. ശക്തമായ ദൈവകൽപ്പനയെ തങ്ങളുടെ സൗകര്യത്തിനായി ദുർബലപ്പെടുത്താൻ അവിവേകിയായ മനുഷ്യൻ ധൈര്യപ്പെട്ടു. മനുഷ്യൻ സ്വയം നാശത്തിന്റെ പാത തിരഞ്ഞെടുക്കുന്നു.

ദൈവകൽപ്പനകൾക്ക് അർഹിക്കുന്ന പ്രാധാന്യത കൊടുത്തനുസരിക്കാതെ സൗകര്യാർത്ഥം അതിനെ ദുർബലപ്പെടുത്തി, മനുഷ്യർ പ്രകടിപ്പിക്കുന്ന എല്ലാ ആത്മീയതയും കപടഭക്തിയായി ദൈവം കണക്കാക്കുന്നു. ദൈവം നേരത്തെ തന്നെ അരുളിച്ചെയ്ത കാര്യം കർത്താവ് തന്നെ ഇവിടെ ഉദ്ധരിക്കുന്നു. 'ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു. മാനുഷ കൽപ്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു'.

എല്ലാ ക്രിസ്തീയ സമൂഹങ്ങളും ഒരു സ്വയ പരിശോധനയ്ക്ക് തയ്യാറാകണം. ദൈവ കൽപ്പന ദുർബലപ്പെടുത്തുന്ന എന്തെല്ലാം സഭയ്ക്കുള്ളിൽ നുഴഞ്ഞു കയറി, പാരമ്പര്യമായി അനുവർത്തിച്ച് വരുന്നുവോ അവയെല്ലാം തിരുത്തപ്പെടണം. ഒരു യഥാർത്ഥ മാനസാന്തരത്തിന് സഭകൾ തയ്യാറാകണം. അല്ലെങ്കിൽ സകലവും വ്യർത്ഥമാകും. നിത്യനരകം തെരഞ്ഞെടുക്കുന്ന ജീവിതമായിരിക്കും എല്ലാവരുടേതും. ദൈവത്തിന്റെ കൽപ്പനകൾക്ക് പ്രാമുഖ്യംകൊടുക്കുന്ന ജീവിതശൈലി ആണോ നാം സ്വീകരിച്ചിരിക്കുന്നത് എന്ന് ഓരോരുത്തരും ശോധന ചെയ്യേണ്ടിയിരിക്കുന്നു. ജീവിതം വ്യർത്ഥമാകുവാനിടയാകരുത്.

ഭൂമിയിലെ അൽപ്പായുസ് കൊണ്ട് തീരുന്നതല്ലല്ലോ ജീവിതം. മരണാനന്തര ന്യായവിധി എല്ലാവരുംഅഭിമുഖീകരിക്കുകയും അനുഭവിക്കുകയും വേണമല്ലോ. അതുകൊണ്ട്ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം നയിക്കുന്നതല്ലേ ബുദ്ധി? ദൈവത്തിന്റെ കൽപ്പനകളെ അർഹിക്കുന്ന ബഹുമാനം കൊടുത്ത് പഠിപ്പിക്കുന്നതല്ലേ സഭകളുടെ കർത്തവ്യം? ചിന്തിച്ചുണരുവാൻ ദൈവം എല്ലാവരെയും സഹായിക്കട്ടെ. ●

നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം... എന്നു പറഞ്ഞു (1 കൊരിന്ത്യർ 11: 24).

പെസഹയല്ല തിരുവത്താഴം! ഒരു പെസഹ ക്കുഞ്ഞാടും സ്വന്തം ഇച്ഛയോടെ അറവുശാലയി ലേക്കു പോയിട്ടില്ല. എന്നാൽ, ഇതാ ഇവിടെ യേശു എന്ന കുഞ്ഞാട് " ഇതാ, എന്റെ ശരീരം; ഇതാ, എന്റെ രക്തം എന്നു പറഞ്ഞു കൊണ്ട് മുന്നോട്ടു വരുന്നു(1 കൊരിന്ത്യർ 11: 24,25). ചരിത്രത്തിലുട നീളം പെസഹയ്ക്കു കുഞ്ഞാടിനെ തെരഞ്ഞെ ടുക്കുന്നത് പെസഹ ഭക്ഷിക്കുന്നവരാണ്. എന്നാൽ, യേശു തിരഞ്ഞെടുക്കപ്പെട്ടത് ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിട്ടാണ് (യോഹന്നാൻ 1:29). എല്ലാവരും ജനിക്കുന്നത് ജീവിക്കുവാനാണ്, എന്നാൽ യേശു ജനിച്ചത് മരിക്കുവാനാണ്.

എന്തൊക്കെയാണ് ഓർക്കേണ്ടത്? ഉത്തരം ഇവിടെയുണ്ട്. യേശുവിന്റെ ശരീരവും യേശുവിന്റെ രക്തവും. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് തകർക്ക പ്പട്ട യേശുവിന്റെ ഭൗതികശരീരം, യേശുവിന്റെ ചൊരിയപ്പെട്ട രക്തം... അതു എന്തിനുവേണ്ടി എന്ന ഓർമയില്ലാതെ തിരുവത്താഴമില്ല. നിർവിചാരി കളായി നാം തിരുവത്താഴത്തിൽ പങ്കെടു ത്തുകൂടാ... ഓരോ പ്രാവശ്യവും നാമോർക്കണം തകർക്കപ്പെടുന്ന, നുറുക്കപ്പെടുന്ന യേശുവിന്റെ ശരീരത്തെ, ചൊരിയപ്പെടുന്ന തിരുരക്ത ത്തെ..."എന്നാൽ, അവിടുന്നു നമ്മുടെ അതിക്ര മങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു"(യെശയ്യാവ് 53:5)."യേശുവിനെ തകർത്തുകളവാൻ യഹോ വയ്ക്കു ഇഷ്ടം തോന്നി. അവൻ അവനു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗ മായിത്തീർന്നു" (യെശയ്യാവ് 53:10). അവിടുന്നു രക്തം ചൊരിഞ്ഞതുകൊണ്ടാണ് നാം നീതീകരി ക്കപ്പെട്ടത്(റോമർ 5:9). ദൈവത്തിന്റെ സന്നിധിയിേ ലക്കു എനിക്കു പ്രവേശനം നൽകാൻ (റോമർ 5:2) യേശു പിതാവിനാൽ കൈവിടപ്പെട്ട അവസ്ഥയിലേ ക്കുപോലും പോകേണ്ടിവന്നു! ഓരോ തിരുവ ത്താഴവും എനിക്കുവേണ്ടി നുറുക്കപ്പെട്ട യേശു വിന്റെ ശരീരത്തെയും എനിക്കുവേണ്ടി ചൊരി യപ്പെട്ട രക്തത്തെയും എന്നെ ഓർമ്മിപ്പിക്കുന്നു.

"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം എന്റെ മരണത്തെ പ്രസ്താ വിക്കുന്നു" (1 കൊരിന്ത്യർ 11: 26). ഈയൊരു വാക്യം അത്യുജ്ജ്വലമാണ്. തിരുവത്താഴത്തിന്റെ അന്ത:സത്ത ഈ ഒറ്റവാക്യത്തിൽ ഇവിടെ രേഖ പ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ ജനനവും ജീവിതവും ഉയിർപ്പും എല്ലാം എനിക്കു പ്രസക്ത മാണ്.. യേശു കുരുടനെ സൗഖ്യമാക്കിയതും ലാസറിനെ ഉയിർപ്പിച്ചതും അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചതും, എല്ലാം എന്നെ ത്രസിപ്പിക്കുന്ന സംഭവങ്ങൾ തന്നെ. എന്നാൽ, ഞാൻ നിരന്തരം ഓർക്കേണ്ടത് യേശുവിന്റെ അത്ഭുതങ്ങളല്ല, യേശുവിന്റെ മരണമാണ്. യേശുവിന്റെ മരണം എന്നെ എന്റെ വീണ്ടെടു പ്പിനെക്കുറിച്ചോർമ്മിപ്പിക്കുന്നു; എന്നാലതു പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള ഒരു വിടുതൽ മാത്രമല്ല. പെസഹയിൽ, സംഹാരദൂതനിൽ നിന്നുള്ള വിടുതൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പെസഹാക്കുഞ്ഞാടുമായുള്ള സംസർഗം അവിടെ വിഷയമല്ല. സംസർഗം നടക്കേണ്ടുന്നതിനു ഒരു പെസഹാക്കുഞ്ഞാടും ഉയിർത്തെഴുന്നേറ്റിട്ടില്ലല്ലോ. എല്ലാ കുഞ്ഞാടും യാഗവേദിയിലൊടുങ്ങിയപ്പോൾ നമ്മുടെ പെസഹക്കുഞ്ഞാട് യാഗവേദിയിലൊടു ങ്ങിയില്ല. യേശു ഉയിർത്തെഴുന്നേറ്റു... അതുകൊണ്ട് എനിക്കു യേശുവുമായി സംസർഗ്ഗത്തിൽ ജീവി ക്കാം.

യേശു എന്റെ ഉള്ളിലേക്കു വന്നിരിക്കുന്നു. ഞാൻ അവനാൽ നിറഞ്ഞിരിക്കുന്നു. അതിനാൽ തിരുവത്താഴം എനിക്കു യേശുവുമായുള്ള സംസർഗത്തിന്റെ ആഘോഷമാണ്! അപ്പോൾ, തിരുവത്താഴത്തിൽ, എനിക്കു വേണ്ടി-എന്നെ താതന്റെ സന്നിധിയിലേക്കു കയറ്റിവിടാൻ- തകർക്കപ്പെട്ട യേശുവിന്റെ ശരീരത്തെ ഞാൻ ഓർക്കുന്നു; എന്നെ ദൈവത്തോടു നിരപ്പിച്ച അവിടുത്തെ രക്തം ഞാൻ ഓർക്കുന്നു. എനിക്കു ജീവൻ നൽകേണ്ടതിനു സ്വയം ഏറ്റെടുത്ത മരണത്തെ ഞാൻ ഓർക്കുന്നു; യേശു എന്നിലേക്കു ഇറങ്ങിവന്നു നൽകുന്ന സംസർഗത്തെ ഞാൻ ഓർക്കുന്നു. എന്നാൽ, അതിനുമപ്പുറത്ത് മറ്റൊരു കാര്യംകൂടെ തിരുവത്താഴം എന്നെ ഓർമ്മിപ്പി ക്കുന്നു... അവിടുത്തെ രണ്ടാമത്തെ വരവിനെ ഞാൻ ഓർക്കുന്നു. "എന്റെ പിതാവിന്റെ രാജ്യത്തി ൽ നിങ്ങളോടുകൂടെ കുടിക്കും നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്നു കുടിക്കയില്ല" (മത്തായി 26:29) എന്നു യേശു

# കടമകൾ കൂടാതെ അവകാശം ലഭ്യമോ?

**71** വയസ്സുള്ള സ്വന്തം അമ്മയെ വഴിയിൽക്കണ്ട വയോധിക എന്ന് തെറ്റിദ്ധരിപ്പിച്ച് പോലീസ് മുഖേന അടുരുള്ള ഒരു വൃദ്ധമന്ദിരത്തിലേക്കു കൈമാറിയ വിവരം 2022 ജൂലൈ 18 നു മനോരമ റിപ്പോർട്ടു ചെയ്തിരുന്നു. അമ്മയെ വേണ്ടെങ്കിലും അവരുടെ പേരിലുള്ള വസ്തുവകകൾ സ്വന്ത മാക്കാനുള്ള മകന്റെ ആർത്തിയിൽ സംശയം തോന്നിയ അനാഥാലയ ഭാരവാഹികൾ പോലീസി ൽ അറിയിച്ചതനുസരിച്ച് അവർ എത്തി ചോദ്യം ചെയ്തപ്പോഴാണ് സത്യം പുറത്തു വന്നത്. പുറംലോകം അറിയാത്ത ഇത്തരം എത്രയോ കഥകൾ വേറെ ഉണ്ടായിരിക്കും? നൊന്തു പ്രസവി ച്ച മക്കളെ വളർത്തി വലുതാക്കി പ്രാപ്തരാക്കുവാൻ, ഒരമ്മ സഹിക്കുന്ന ത്യാഗവും കഷ്ടതകളും മനസ്സിലാക്കാത്ത മക്കൾ കാട്ടിക്കൂട്ടുന്ന ഇത്തരം ഭ്രാന്തമായ ചെയ്തികൾ കേരളത്തിന്റെ യശ്ശസ്സ് തകർത്തു തരിപ്പണമാക്കുകയല്ലേ ചെയ്യുന്നത്? 'വഴിയിൽ കണ്ട വയോധിക' എന്ന് സ്വന്തം മകൻ പോലീസിനോട് പറയുമ്പോൾ ആ അമ്മയുടെ ഹൃദയം എത്രമാത്രം ഉരുകി വേദനിച്ചിട്ടുണ്ടായി രിക്കും. അമ്മയിൽ നിന്നനുഭവിച്ചിട്ടുള്ള യാതൊരു നന്മയും ഓർമ്മിക്കുവാൻ കഴിയാതെ ഇത്ര വലിയ ക്രൂരത ആ മാതൃസ്നേഹത്തിനു പകരമായി നൽകിയ മകന്റെ മനോനില എത്ര അപലപ നീയമാണ്. ധാർമ്മികതയോ നീതിയോ ന്യായമോ ഇതിന്റെയൊന്നും കണിക പോലുമില്ലാതെ മക്കൾ കാട്ടിക്കൂട്ടുന്ന ഇത്തരം ഭ്രാന്തമായ ചെയ്തികൾ, എന്തുകൊണ്ട് എന്ന് സൂക്ഷ്മനിരീക്ഷ ണം നടത്തി, കാരണം കണ്ടെത്തി ചികിൽസിക്കേണ്ടതാണ്. വളരെ ഗുരുതരമായതും വഷളായ തുമായ ക്രൂര മനോവൈകല്യമാണിത്.

വിവിധ തുറകളിൽ മദ്യത്തിനും, മയക്കുമരുന്നിനും, അറപ്പുളവാക്കുന്ന വൈകൃത സ്വഭാവങ്ങൾക്കും, അടിമപ്പെട്ടു വളർന്നുവരുന്ന ഇളം തലമുറ നാശത്തിന്റെ ആഴക്കയത്തിലേക്കു കൂപ്പുകുത്തുന്നത് എങ്ങനെ നിസ്സംഗതയോടെ നോക്കി നിൽക്കാനാവും? ഇവിടെ, ഒത്തൊരുമയോടെ, വ്യക്തമായ ലക്ഷ്യ ബോധത്തോടെ വിദ്യാഭ്യാസ മേഖലയിലുള്ളവരും, സാംസ്കാരിക രംഗത്തുള്ളവരും, കോടതിയും, പോലീസും, ഉദ്യോഗസ്ഥവൃന്ദവും, സഭയും, സമൂഹവും, രാഷ്ട്രീയനേതൃത്വവും, എന്നിങ്ങനെ എല്ലാ മേഖലകളിലും ഉള്ളവർ തോളോട് തോൾ ചേർന്ന് നിന്നുകൊണ്ട് പരിശ്രമിച്ചാൽ ഒരുപക്ഷെ ഇതിനൊരു പരിഹാരം കണ്ടെത്താനാകും.വ്യക്തി സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇത്തരം അധാർമികത നടമാടുവാൻ നിയമവ്യവസ്ഥ അനുവദി ച്ചാൽ ഇതിലും ശോചനീയമായ പ്രത്യാഘാതങ്ങൾ നാം നേരിടേണ്ടി വരും. ആകയാൽ അധാർമി കത മുളയിലേ നുള്ളിക്കളയുവാൻ സമൂഹത്തിന്റെ എല്ലാ ശ്രേണിയിലും പെട്ടവർ ഉണർന്നു പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഉന്നത സാംസ്ക്കാരിക, ധാർമ്മിക മൂല്യങ്ങൾ കുഞ്ഞുമനസ്സുകളിൽ പാകി മുളപ്പിച്ചാൽ വലിയ പരിധിവരെ അതൊരു പരിഹാരം ആയിരിക്കും. തെറ്റിനെ തെറ്റെന്നും ശരിയെ ശരിയെന്നും മനസ്സിലാക്കുവാനുള്ള വെളിച്ചം കുഞ്ഞുങ്ങളുടെ മനസ്സുകളിൽ പ്രകാശിപ്പിച്ച് വിവേചനാബുദ്ധിയും മാനസിക ആരോഗ്യവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുവാൻ എല്ലാവരും പ്രതിജ്ഞാബദ്ധരായിത്തീരേണ്ടതുണ്ട്. ●

**അടുത്ത മേശ കർത്താവിനോടുകൂടെ!**

പറഞ്ഞു. യേശു വന്നാൽ തന്നോടുകൂടെ എനിക്കൊരു വിരുന്നൊരുക്കിയിട്ടുണ്ട്.

യിസ്രായേൽമക്കൾ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലേക്കു ചിതറിക്കപ്പെട്ടപ്പോൾ മറുനാടു കളിൽ പെസഹ ആചരിക്കുന്ന വേളകളിൽ അവർ ഇങ്ങനെ പറഞ്ഞിരുന്നു: "അടുത്ത പെസഹ യരുശ ലേമിൽ..." അവരുടെ മടങ്ങിവരവി ന്റെ പ്രത്യാശാ വചനങ്ങളാണിത്. ഇന്നു തിരുവത്താ ഴത്തിൽ ഓരോ പ്രാവശ്യം പങ്കെടുക്കുമ്പോഴും നമ്മുടെ ഹൃദയത്തിലും നാവിലുമുയരേണ്ട പ്രത്യാശാവ ചനങ്ങൾ ഇപ്രകാരമായിരിക്കണം: "അടുത്ത മേശ കർത്താവിനോടുകൂടെ!" നമുക്കുവേണ്ടി നുറുക്ക പ്പെട്ട ശരീരത്തെയും ചൊരിയപ്പെട്ട രക്തത്തെയും നാം സ്മരിക്കണം. യേശു എനിക്കു വേണ്ടി മരിച്ചു; ഉയിർത്തെഴുന്നേറ്റ് എന്നിൽ ജീവിക്കുന്നു... അവിടു ത്തെ വരവിനു കാതോർത്ത് നമ്മുടെ പ്രവാസ കാലം ഭയത്തോടെ കഴിക്കാം... അവിടുത്തെ സംസർഗത്താൽ നമുക്കു സമ്പന്നരാകാം. ●

# മാതാപിതാക്കളുടെ മഹത്വം മറക്കരുത്

ഒരു സംഭവ കഥ ഇങ്ങനെ: സാമാന്യം തിരക്കുള്ള ഒരു റസ്റ്റോറന്റ്, വൈകുന്നേരസമയം, ഒരു മേശയ്ക്ക് അപ്പുറവും ഇപ്പുറവും ഇരുന്ന് പ്രായമുള്ള ഒരു പിതാവും ചെറുപ്പക്കാരനായ മകനും ഭക്ഷണം കഴിക്കുകയാണ്. വളരെ പ്രായാധിക്യമുള്ള പിതാവ് ഭക്ഷണം കഴിക്കുമ്പോൾ വിരലുകൾക്കിടയിലൂടെ ആഹാരം ഉടുപ്പിലും മുണ്ടിലും വീഴുന്നുണ്ട്. ഭക്ഷണം കഴിച്ചു തീർന്നപ്പോൾ മകൻ പിതാവിന്റെ കൈപിടിച്ച് വാഷ്ബേസിന്റെ അടുക്കൽ കൊണ്ടുപോയി കയ്യും മുഖവും കഴുകിച്ചു. വസ്ത്രത്തിൽ ആഹാരസാധനങ്ങൾ വീണുണ്ടായ പാടുകൾ വെള്ളം ഉപയോഗിച്ച് കഴുകി വൃത്തിയാക്കി. പിതാവിന്റെ മുടി ചീകി ഒതുക്കി, കണ്ണട നേരെ വെച്ചു. മകൻ ബില്ല് പേ ചെയ്തു. പിതാവിന്റെ കൈക്ക് പിടിച്ചു പുറത്തേക്ക് ഇറങ്ങാൻ തുടങ്ങുകയാണ്. ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന മധ്യവയസ്കനായ ഒരാൾ എഴുന്നേറ്റ് മകനോട് ഉച്ചത്തിൽ പറഞ്ഞു, 'സ്നേഹിതാ, നിങ്ങൾ എന്തോ ഒന്ന് പിന്നിൽ ഇട്ടിട്ടാണ് പോകുന്നത് അല്ലേ? താൻ വല്ലതും മറന്ന് വെച്ചിട്ടാണോ പോകുന്നത് എന്ന് നോക്കിയ ശേഷംചെറുപ്പക്കാരൻ പറഞ്ഞു 'ഇല്ല സാർ, ഞാൻ ഒന്നും മറന്ന് വെച്ചിട്ടില്ലല്ലോ'. മധ്യവയസ്കനായ വ്യക്തി ഇങ്ങനെ പ്രതികരിച്ചു. 'അല്ല യുവാവേ, നിങ്ങൾ ഈ റസ്റ്റോറന്റ് വിട്ടു പോകുമ്പോൾ പിന്നിൽ അവശേഷിപ്പിച്ചിട്ട് പോകുന്നത് ചെറുതെങ്കിലും ഒരു വലിയ കാര്യമാണ്. അത് ഇവിടെയുള്ള ഓരോ മക്കൾക്കും ഉള്ള ഒരു പാഠവും, ഓരോ മാതാവിനും പിതാവിനും ഉള്ള ഒരു പ്രതീക്ഷയുമാണ് .

പ്രായമാകുമ്പോൾ പല മാതാപിതാക്കൾക്കും മക്കളിൽ നിന്ന് വേണ്ടതുപോലുള്ള കരുതലും കാവലും ലഭിക്കാത്ത ഇക്കാലത്ത് മേൽപ്പറഞ്ഞ സംഭവകഥയിലെ മകനെപ്പോലെ ഉള്ളവർ നമ്മുടെ സമൂഹത്തിന് പ്രതീക്ഷ പകരുന്നു. കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും, വിദ്യാഭ്യാസത്തിനും, നല്ല ഭാവിക്കും വേണ്ടി, രാവും പകലും ഭേദമെന്യേ അത്യധ്വാനം ചെയ്യുന്ന മാതാപിതാക്കൾ വാർദ്ധക്യത്തിൽ ആകുമ്പോൾ മക്കളുടെ സ്നേഹവും സാമീപ്യവും പ്രതീക്ഷിക്കുക സ്വാഭാവികമാണ്. എന്നാൽ അവരുടെ ആഗ്രഹത്തിനൊത്ത് മക്കൾക്ക് പ്രവർത്തിക്കുവാൻ കഴിയാതെ വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും മറ്റും കുടുംബമായി പാർത്ത് ജോലി ചെയ്ത് ജീവിക്കുമ്പോൾ, മാതാപിതാക്കൾ ഒറ്റപ്പെടുന്ന അവസ്ഥ ഇന്ന് സർവ്വസാധാരണമായിരിക്കുന്നു! മാതാപിതാക്കളോട് ക്രൂരമായി പെരുമാറുന്ന മക്കളുടെയും മരുമക്കളുടെയും പല കഥകളും ഇന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ദു:ഖത്തോടെ മാത്രമേ വായിക്കുവാൻ കഴിയൂ. അതെ, മാതാവിനെയും പിതാവിനെയും ബഹുമാനിക്കുന്നവനും കരുതുന്നവനുമാണ് നന്മയും ദീർഘായുസ്സും ലഭിക്കുകയെന്ന തിരുവചന സത്യം മനസ്സോടെ മറക്കുന്ന ധാരാളം പേർ ക്രൈസ്തവ സമൂഹത്തിലും ഉണ്ടെന്ന കാര്യവും ഓർക്കാതെ വയ്യ! എന്റെ വാർദ്ധക്യകാലം എങ്ങനെ ആകുമെന്ന് ആകുലപ്പെട്ടു മാനസിക സംഘർഷത്തിനും അതുവഴി വിഷാദരോഗങ്ങൾക്കും അടിമകൾ ആകുന്നവരുടെ എണ്ണം ഇന്ന് ഏറി വരുന്നതും, സഭയും സമൂഹവും ഗൗരവമായി കാണേണ്ടതുണ്ട്. തങ്ങളുടെ സർവ്വതോമുഖമായ വളർച്ചയ്ക്കായി ജീവിതം ഉഴിഞ്ഞുവെച്ച മാതാപിതാക്കളുടെ മഹത്വം മക്കൾ മറക്കരുത്.

–എംസി


*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM
QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

വാർഷിക വരിസംഖ്യ 250 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.08.2022

NERVEEDHI - AUGUST 2022
Annual Subscription ₹ 250.00
(Per copy ₹ 25.00)

# ആർ. പി പബ്ലിക്കേഷൻസിൽനിന്നും
# ചില ഉത്തമ ഗ്രന്ഥങ്ങൾ




















കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.